# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെക്യാട് ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail: dokkd.ksad@kerala.gov.in

*(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)*

നം.കെ.എസ്.എ.കെ.കെ.ഡി.പി 10/366 /2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഇ-മെയിൽ-dokkd.ksad@kerala.gov.in
ഫോൺ: 0495237101

തീയതി –16.05.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

**ചെക്യാട്** ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : **ചെക്യാട്** ഗ്രാമ പഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് 3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി10/366/2020 തിയ്യതി-16.05.2020

**കോഴിക്കോട് ജില്ലയിലെ ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോഴിക്കോട് ജില്ലയിലെ **ചെക്യാട്** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 08.07.2018 മുതൽ 09.03.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒരെ ണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എം. വാസുദേവൻ,<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.03.2020 മുതൽ 18.03.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കരുണാകരൻ എം | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മോഹൻ കുരുന്നം മനക്കൽ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സുരേഷ് കുമാർ എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ജാസിർ സി.എം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.തൊടുവയിൽ മുഹമ്മദ് | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.റജുലാൽ എം.പി | 01.04.2018മുതൽ06.09.2018വരെ |
| | ശ്രീമതി രാജശ്രീ സി.എച്ച് | 06.09.2018 മുതൽ 31.03.2019 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ. വി.രാജീവൻ | 01.04.2018 മുതൽ 31.03.2019 വരെ |

| | | | |
|---|---|---|---|
| അസി.എഞ്ചിനീയർ | | ശ്രീ.ലജീഷ് കെ ഓവർസിയർ(അധിക ചുമതല) | 01.04.2018 മുതൽ 05.09.2018 വരെ |
| | | ശ്രീ.രതീഷ് രവീന്ദ്രൻ | 06.09.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ചെക്യാട് സർക്കിൾ | ശ്രീ. ഭജീഷ് കെ. | 01.04.2018മുതൽ 31.03.2019 വരെ |
| | പാറക്കടവ് സർക്കിൾ | ശ്രീ. ബിജിത് കുമാർ പി. | 01.04.2018 മുതൽ 07.09.2018 വരെ |
| | | ശ്രീ. ഭജീഷ് കെ.(അധിക ചുമതല) | 07.09.2018 മുതൽ 24.02.2019 വരെ |
| | | ശ്രീ.സലീൽകുമാർ കെ.കെ | 25.02.2019 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ. | | ഡോ. അനീഷ് കെ.ആർ. | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | | രാജൻ പി.പി. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | | ഡോ. അഖിൽ രാജ് | 01.04.2018 മുതൽ 28.04.2018 വരെ |
| | | ഡോ.അനിൽ കുമാർ പി | 29.04.2018 മുതൽ 2.07.2018 വരെ |
| | | ഡോ.ഷബ്ല എൻ.കെ | 2.07.2018 മുതൽ 10.09.2018 വരെ |
| | | ഡോ.അനിൽകുമാർ പി | 11.09.2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | | ശ്രീമതി.അനുപമ സുഗതൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | | ശ്രീമതി.ഷീന പി.വി | 01.04.2018 മുതൽ13.07.2018 വരെ |
| | | ശ്രീമതി.ഗിരിജ കുന്നമ്മൽ | 14.07.2018 മുതൽ 17.07.2018 വരെ |

| | | |
|---|---|---|
| | ശ്രീമതി.നിഷ പി.വി | 18.07.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ.ഇബ്രായി കെ.എൻ | 01.04.2018 മുതൽ 28.04.2018വരെ |
| | ശ്രീ.മുഹമ്മദ് ഫാസിൽ വി.എസ് | 29.04.2018 മുതൽ 12.02.2019 വരെ |
| | ശ്രീമതി.വിപിത വി.പി | 13.02.2019 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം ) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 7 | വാർഷിക കണക്കിലെ അപാകതകൾ | 1-7 |
| 8 | വസ്തു നികുതി – അപാകതകൾ | 1-8 |
| 9 | തൊഴിൽ നികുതി – അപാകതകൾ | 1-9 |
| 10 | വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ | 1-10 |
| 11 | പച്ചക്കറികൃഷിക്ക് കൂലി ചെലവ് സബ്സിഡി – ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്തതിൽ അപാകത | 1-11 |
| 12 | കിണർ റീചാർജ്ജ് പ്രൊജക്ട് നടപ്പിലാക്കിയില്ല – ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ലഭിച്ച തുക ചെലവഴിക്കാതെ പാഴായി | 1-12 |
| 13 | ഇടവിളകൃഷി വികസനം പ്രൊജക്ട് നടത്തിപ്പിൽ അപാകത – | 1-13 |
| 14 | സമഗ്ര തെങ്ങ് കൃഷി വികസന പദ്ധതി – പ്രൊജക്ട് നടത്തിപ്പില അപാകത | 1-14 |
| 15 | എസ്.എസ്.എ.വിഹിതം അടവാക്കൽ – വിനിയോഗ വിവരം ലഭ്യമാവാത്തതും മറ്റ് അപാകതകളും | 1-15 |
| 16 | തുടര സാക്ഷരത- തുല്യതാ കോഴ്സ് ഫീസ് അടവാക്കൽ – തുക അടവാക്കിയതിന്റെ രേഖകൾ, വിനിയോഗവിവരം എന്നിവ ലഭ്യമായില്ല. | 1-16 |
| 17 | സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ടുകൾ – വിനിയോഗവിവരം ലഭ്യമായില്ല. | 1-17 |
| 18 | ചെലവഴിക്കാതെ അവശേഷിക്കുന്ന ജില്ല/ബ്ലോക്ക് പഞ്ചായത്ത് വിഹിതം തിരിച്ചടവാക്കിയില്ല. | 1-18 |

| | | |
|---|---|---|
| 19 | സോളാർ തെരുവ് വിളക്ക് സ്ഥാപിച്ചതിൽ അപാകത | 1-19 |
| 20 | പെയിൻ ആന്റ് പാലിയേറ്റീവ് പ്രൊജക്ട് പ്രകാരം അടവാക്കിയ മുഴുവൻ തുകക്കും മരുന്നുകൾ ലഭ്യമായില്ല. | 1-20 |
| 21 | ആരോഗ്യസ്ഥാപനങ്ങളിലേയ്ക്ക് മരുന്നുകളും ഉപകരണങ്ങളുമ വാങ്ങൽ - അടവാക്കിയ തുകക്കുള്ള ഹോമിയോ മരുന്നുകൾ നാളിതുവരെ ലഭ്യമായില്ല. | 1-21 |
| 22 | വിവിധ പ്രൊജക്ടുകൾ പ്രകാരം വാങ്ങിച്ച ഉകരണങ്ങൾ, ഫർണിച്ചർ എന്നിവ സ്റ്റോക്കിലെടുത്തില്ല. | 1-22 |
| 23 | ക്ഷീരഗ്രാമം വനിതകൾക്ക് പശുവളർത്തൽ - പ്രൊജക്ട് ലക്ഷ്യം കൈവരിച്ചില്ല- ജില്ലാ പഞ്ചായത്ത് വിഹിതം പാഴായി. | 1-23 |
| 24 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി- രേഖകൾ ലഭ്യമാക്കിയില്ല | 1-24 |
| 25 | പൊതു ടാപ്പുകൾക്ക് വെള്ളക്കരം - സംയുക്ത പരിശോധന നടന്നില്ല. | 1-25 |
| 26 | തെരുവ് വിളക്കുകൾ- കൃത്യവും സമഗ്രവുമായ വിവരങ്ങൾ ലഭ്യമല്ല. | 1-26 |
| 27 | ഗ്രൂപ്പ് ഇൻഷൂറൻസ് സ്കീം വിഹിതം - നിയമാനുസൃതമുള്ള തുക റിക്കവറി നടത്തിയില്ല | 1-27 |
| 28 | ചെക്യാട് ഗ്രാമപഞ്ചായത്ത് സാംസ്കാരിക നിലയം ലൈബ്രറി - പ്രവർത്തിക്കുന്നില്ല | 1-28 |
| 29 | കോസ്റ്റ് ഇൻഡക്സിൽ വന്ന മാറ്റം എസ്റ്റിമേറ്റിൽ പ്രതിഫലിച്ചില്ല - പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 1-29 |
| 30 | മരാമത്ത് പ്രവൃത്തികളിലെ കരാർ ചമക്കൽ - അപാകതകൾ | 1-30 |
| 31 | മരാമത്ത് പ്രവൃത്തികൾ - നിർവ്വഹണം സംബന്ധിച്ച ഫയലുകളിൽ ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നില്ല. | 1-31 |
| 32 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ വീഴ്ച - തുക പാഴാകുന്നു. | 1-32 |
| 33 | ലൈഫ് മിഷൻ - സമ്പൂർണ്ണ ഭവന പദ്ധതി | 1-33 |
| 34 | ക്ലീൻ ചെക്യാട് 2018-19 | 1-34 |
| | ഭാഗം 2 വരവ് -വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 35 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചതിൽ നഷ്ടം | 2-1 |
| | ഭാഗം 3 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 36 | പച്ചക്കറികൃഷിക്ക് കൂലി ചെലവ് സബ്സിഡി - ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്തതിൽ അപാകത | 3-1 |
| | ഭാഗം 4പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 37 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 38 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 39 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 41 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 42 | സ്ഥിരനിക്ഷേപം | 4-6 |
| 43 | ഓഡിറ്റ് റിക്കവറി | 4-7 |
| 44 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 45 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം | 4-9 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 48 | സാക്ഷ്യപത്രം | അനുബന്ധം |

## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

08.03.2018 തീയതിയിലെ നം 36/2017-18 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 31.01.2019തീയതിയിലെ 20/2019 തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 06.06.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7303098.97/- |
| വരവ് | 75587705/- |
| ആകെ | 82890803.97/- |
| ചെലവ് | 63455085/- |
| നീക്കിയിരിപ്പ് | 19435718.97 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 13805106 | 13805106 | 13805106 | |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 771000 | 771000 | 771000 | |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 489000 | 489000 | 489000 | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 17146000 | 17146000 | 17146000 | |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2150668 | 2150668 | 2150668 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 6337000 | 6337000 | 6337000 | 0 |
| കെ.എൽ.ജി.എസ്.ഡി.പി | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 2023 | 262 | 2285 | 0 | 2285 |
| ദുരിതാശ്വാസ നിധി | | 4215 | 135 | 4350 | 0 | 4350 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 41766000 | 41766000 | 41766000 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 713949.43 | 776030 | 1489979.43 | 1430531 | 59448.43 |
| **കേന്ദ്രാവിഷ്കൃത ഫണ്ടുകൾ** | | | | | | |
| ഐ.സി.ഡി.എസ് | | 558445 | 452363 | 1010808 | 869013 | 141795 |
| 'ടോട്ടൽ സാനിറ്റേഷൻ ക്യാംപയിൻ | | 0 | 1000000 | 1000000 | 0 | 1000000 |
| ശുചിത്വ മിഷൻ ഗ്രാന്റ് | | 807925 | 483366 | 1291291 | 205987 | 1085304 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 301148 | 770000 | 1071148 | 761883 | 309265 |
| | ജില്ലാ പഞ്ചായത്ത് | 600000 | 621599 | 1221599 | 506599 | 715000 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 9271635 | 9271635 | 9271635 | 0 |
| തനത് ഫണ്ട് | കനറ ബാങ്ക് -എം.പി ഫണ്ട് | 3407848 | 3491796 | 6899644 | 3336118 | 3563526 |

| | | | | | | |
|---|---|---|---|---|---|---|
| | കെ.ഡി.സി ബാങ്ക്-പാറക്കടവ് | 2511778 | 1553018 | 4064796 | 2424269 | 1640527 |
| | ട്രഷറി ടി.എസ് .ബി എക്കൌണ്ട് | 23127 | 23567875 | 23591002 | 14493082 | 9097920 |
| | ചെക്യാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് തനത് ഫണ്ട് | 625443 | 6577457 | 7202900.53 | 2975847 | 4227053.53 |
| | എസ്,ബി.ഐ ഇ-പേയ്മെന്റ് | 34489 | 71553 | 106042 | 6965 | 99077 |
| | ട്രഷറി സ്പെഷ്യൽ ടി.എസ് .ബി ജോയിന്റ് വെഞ്ചർ | -96924 | 2129671 | 2032747 | 1308482 | 724265 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 182 | 75606677/- | 135 | 49952540/- | 11 | 36 | 74% |

വകയിരുത്തിയ തുകയുടെ **66** ശതമാനം മാത്രമാണ് ചെലവ്.മെഡിക്കൽ ഓഫീസർ,വെറ്റിനറി സർജൻ,ഐ.സി.ഡി.എസ് സൂപ്പർവൈസർ ,അസി.സെക്രട്ടറി എന്നിവർ തങ്ങൾക്ക് ലഭ്യമായ പ്രോജക്ടുകൾ എല്ലാം തന്നെ നടപ്പാക്കിയിട്ടുണ്ടെങ്കിലും നിർവ്വഹണോദ്യോഗസ്ഥരാരും തന്നെ വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല.അസി.എഞ്ചിനീയർ,വി.ഇ.ഒ,സെക്രട്ടറി എന്നിവരുടെ പ്രോജക്ട് നടത്തിപ്പിലുണ്ടായ വീഴ്ച മൊത്തം ചെലവ് കുറയാൻ ഇടയായി.

## 1-6 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര

നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടത് അനിവാര്യമാണ്.

1. ഗ്രാമപഞ്ചായത്തിലെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. കൂടാതെ വസ്തുനികുതി സംബന്ധിച്ച് 100% പിരിവ് ഉറപ്പുവരുത്തുന്നതിന് ഇടപെടലുകൾ നടത്തിയിട്ടുമുണ്ട്. എന്നാൽ തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് തുടങ്ങിയ വരവിനങ്ങളുടെ കാര്യത്തിൽ വേണ്ടത്ര വിലയിരുത്തലുകൾ നടത്തി ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളെയും ഡിമാന്റിൽ ഉൾപ്പെടുത്തുന്നതിന് കമ്മിറ്റി ശ്രമം നടത്തിയിട്ടില്ല.(ഖണ്ഡിക-1-9,1-10കാണുക).പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നുംതന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.
2. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുളള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ചു കാണുന്നു. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റേയും അന്തിമമാക്കുന്നതിന്റേയും പ്രധാന ചുമതല പ്രൊക്യൂർമെന്റ്ടീമിനാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിററിയാണ്. എന്നാൽ വാങ്ങലുകൾ നടത്തുന്നതിനായി കമ്മററി നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിട്ടുളളത്.
3. ധനമാനേജ്മെന്റിന്റെ അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രൊപ്പോസലുകളും ആയതിനെ അടിസ്ഥാനമാക്കി വിവിധ സ്റ്റാൻഡിംഗ് കമ്മിററികൾ തയ്യാറാക്കിയ ബജററ് നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്ന ബജററ് ഫയൽ തയ്യാറാക്കിയിട്ടില്ലെന്നു കാണുന്നു.നിയമപ്രകാരമുള്ള സമയക്രമം പാലിക്കുന്നതിൽ വീഴ്ച വരുത്തികാണുന്നു.
4. കെട്ടിട നിർമ്മാണ അപേക്ഷയിന്മേൽ കൃത്യമായ പരിശോധനകൾ നടത്തുന്നതിൽ വീഴ്ച വരുത്തുന്നതിനാൽ അനധികൃത നിർമ്മാണമുണ്ടായിരിക്കാനുള്ള സാധ്യത നിലനിൽക്കുന്നുവെങ്കിലും തുടർനടപടി കാര്യക്ഷമമല്ല. (ഖണ്ഡിക-1-8 കാണുക)
5. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാനനഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്.
6. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ വീഴ്ചവരുത്തിയിട്ടുണ്ട്.
7. ഓഫീസ് ഓർഡർ പരിശോധിച്ചതിൽ ജീവനക്കാർക്ക് സെക്ഷൻ ക്രമത്തിൽ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഓഫീസ് മീറ്റിംഗുകൾ യഥാസമയം വിളിച്ചു ചേർത്ത് ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നതിൽ സൂപ്പർവൈസറി തലത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്.

മേൽ അപാകതകൾ പരഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഓഫീസ് ഉത്തരവ് മുഖേന ഫീൽഡ് സ്ററാഫിനെ ഏല്പിക്കേണ്ടതും, റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് സ്വീകരിക്കാവുന്നതുമാണ്.

ഡി) സ്റ്റാന്റിംഗ് കമ്മിറ്റികൾ അവയിൽ നിക്ഷിപ്തമായ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നുവെന്ന്

ഉറപ്പുവരുത്തേണ്ടതാണ്.

ഇ) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

എഫ്)ഓഫീസ് മീറ്റിംഗുകൾ പ്രതിമാസം വിളിച്ചു ചേർത്ത് ഓഫീസ് പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതാണ്.

## 1-7 വാർഷിക കണക്കിലെ അപാകതകൾ

2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള അപകതകൾ പരിഹരിക്കുവാൻ അവശേഷിക്കുന്നുണ്ട്.

1. 2017-18 വാർഷിക ധനകാര്യപത്രിക RP-40(b) പ്രകാരം TSB-Joint Venture അക്കൗണ്ട് നീക്കിയിരിപ്പ് 601148/- രൂപയാണ്. എന്നാൽ 2018-19 വർഷത്തിൽ ഈയിനത്തിൽ മുന്നിരിപ്പ് - 96924/- രൂപയാണ്. (ഈ ഇനത്തിലെ അക്കൗണ്ട് മുന്നിരിപ്പ് നെഗറ്റീവായും കാണുന്നു.)
2. വികസന ഫണ്ട് ജനറൽ വാർഷിക ധനകാര്യപത്രിക പ്രകാരം (RP-7) 1,38,05,106/- രൂപയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം 1,40,52,406/- രൂപയുമാണ്. വ്യത്യാസം 2,47,300/- രൂപ.
3. റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എല്ലാ മാസങ്ങളിലും പ്രിന്റൗട്ട് എടുത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
4. Literacy scheme Pass book പ്രകാരം തൻവർഷവരവ് (പലിശ) 79/- രൂപയാണ്. വാർഷിക ധനകാര്യപത്രികയിൽ തൻവർഷ വരവ് 262/- രൂപയാണ്.
5. ഗ്രാമപഞ്ചായത്ത് നൽകിയ 3 മാസത്തിൽ അധികമായി എൻ ക്യാഷ് ചെയ്യാത്ത ചെക്കുകളുടെ തുക കാലാവധി കഴിഞ്ഞ ചെക്കുകൾ എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു

| 1. ചെക്യാട് സർവ്വീസ് സഹകരണ ബാങ്ക് (002001000102) | |
|---|---|
| **ചെക്ക് നം, തീയതി** | **തുക** |
| -/30.04.2018<br>(ചെക്ക് നം. ലഭ്യമായില്ല) | 92,301/- |
| 3704/20.03.2014 | 1000/- |
| 2561/22.06.2018 | 399 |
| 574699/30.03.2017 | 22000/- |
| 4651/02.07.2014 | 105 |
| 1741/09.10.2013 | 775 |

| | |
|---|---|
| 10204/04.09.2014 | 265 |
| 16159/06.10.2017 | 4500/- |
| 2822/29.03.2013 | 2850 |
| 1/01.01.2013 | 300 |
| 16810/21.03.2017 | 1550 |
| 14192/18.03.2017 | 2279 |
| 19117/01.11.2016 | 4000 |
| 16835/28.03.2017 | 850 |
| 17711/16.07.2016 | 1000 |
| 12100/20.08.2015 | 1500 |
| 12100/20.08.2015 | 200 |
| 19759/23.09.2017 | 650 |
| | **1,36,524** |
| **കെ.ഡി.സി ബാങ്ക് (450230103)** | |
| 14658/04.05.2018 | 260 |
| 14643/18.04.2018 | 1500 |
| | **1760** |

6. ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷ പർച്ചേസുകളുടെ മൂല്യം എന്നിവ ഉൾപ്പെടുത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

7. വാർഷിക ധനകാര്യപത്രികയിൽ ചുവടെ ചേർക്കുന്ന വരവിനങ്ങൾ ഉണ്ടെങ്കിലും ഇവയുടെ ആധി കാരികത പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമായില്ല :

i) State sponsored scheme – others – 2,00,000/- (RP-7)

ii) Other Grants, Funds & Contributions for specific purpose – 24,50,000/- (RP-31)

iii) Other Grants, Funds & Contributions for specific purpose (other central Govt.) - 122,557/-(RP-31)

8. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3-ൽ capital contribution ആയി കാണിച്ചിരിക്കുന്ന തുക, B11 – Fixed Assets – ലെ തുകയും B11 – Capital work in progress – ലെ തുകയും കൂട്ടുമ്പോൾ കിട്ടുന്ന തുകയ്ക്ക് തുല്യമല്ല.

9. ബാലൻ സ്ഷീറ്റ് ഷെഡ്യൂൾ B-11-ലെ fixed asset depreciation തുകയായ 288,854/- രൂപ കണക്കിയതിന്റെ അനുബന്ധ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

10. വാർഷിക കണക്കിനോടൊപ്പം സമർപ്പിക്കേണ്ട അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ സമർപ്പിച്ചിട്ടില്ല.

11. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ആസ്തികളുടെ മൂല്യം, നിർമ്മിക്കപ്പെട്ടവ ആസ്തിയായി വരവ് വെച്ചോ എന്നീ കാര്യങ്ങൾ വ്യക്തമല്ല.

12. ടെണ്ടർ ഫോം വിൽപന രേഖപ്പെടുത്തുന്ന രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. കൂടാതെ-ടെണ്ടർ മുഖേന നടത്തുന്ന ടെണ്ടർ ഫോറം വില വരവ് വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല. ഇത്തരത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് വരവ് വെച്ച തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല.

13. അസി.എഞ്ചിനീയർ നിർവ്വഹണം ചെയ്ത പദ്ധതികളുടെ VAT, GST(CGST, SGST) എന്നിവ കണക്കാക്കി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-8 വസ്തു നികുതി-അപാകതകൾ

1.വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചതിൽ നഷ്ടം

ചെക്യാട് ഗ്രാമപഞ്ചായത്തിലെ വസ്തു നികുതിയുമായി ബന്ധപ്പെട്ട രേഖകൾ , സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(1) ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 30 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 60 രൂപ നിരക്കിലും 200 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള സൂപ്പർമാർക്കറ്റ് ,ഷോപ്പിംഗ് മാളുകൾ എന്നീ ഉപയോഗക്രമമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 80 രൂപ നിരക്കിലുമാണ് ഭരണസമിതി തീരുമാനപ്രകാരം നികുതി നിശ്ചയിച്ചിരിക്കുന്നത്.

കേരള പഞ്ചായത്ത് രാജ് നിയമം, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ താഴെ പറയുന്ന ക്രമ നം 1 മുതൽ 12 വരെ യുള്ള ഘടകങ്ങളിൽ രണ്ടോ അതിലധികമോ ഘടകങ്ങൾ ഒരേ സമയം ബാധകമാവുകയാണെങ്കിലോ ക്രമ നം 13,14 എന്നിവയിൽ പാരാമർശിച്ച ഏതെങ്കിലുമൊരു ഘടകം ബാധകമാവുകയാണെങ്കിലോ പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിനു ബാധകമാവുന്ന രീതിയിൽ വസ്തു നികുതി നിർണയിക്കണമെന്നു നിഷ്കർഷിക്കുന്നുണ്ട്.

| | | |
|---|---|---|
| 1. | കെട്ടിടത്തിന്റെ വിവിധഭാഗങ്ങൾ വിവിധ മേഖലകളിലായാൽ | (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 (ഉപവകുപ്പ് 7, ഉപ വകുപ്പ് 9) |
| 2. | വഴിസൗകര്യത്തിന്റെ ലഭ്യത | |
| 3. | മേൽക്കൂരയുടെ നിർമിതി | |
| 4. | കെട്ടിടത്തിന്റെ കാലപ്പഴക്കം | |

| | | |
|---|---|---|
| 5. | തറയുടെ നിർമിതി | |
| 6. | എയർകണ്ടീഷനിംഗ് സൗകര്യം | |
| താഴെ പറയുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ | | |
| 7. | പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്നവ | (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 (ഉപവകുപ്പ് 2, ഉപ വകുപ്പ് 9),2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5),4(1)) |
| | വ്യവസായിക ആവശ്യത്തിനായി ഉപയോഗിക്കുന്നവ | |
| 8. | വിദ്യാലയങ്ങൾക്കോ ,ആശുപത്രികൾക്കോ ആയി ഉപയോഗിക്കുന്നവ | |
| 9. | അമ്യൂസ്മെന്റ് പാർക്കുകൾ, മൊബൈൽ ടെലഫോൺ ടവറുകൾ എന്നിവക്കായി ഉപയോഗിക്കുന്നവ | |
| 10. | വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നവ | |
| 11. | മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നവ | |
| 12. | സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും കെട്ടിടം | |
| 13. | ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളവയാണെങ്കിൽ | 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) |
| 14 | ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ പ്രത്യേകം കെട്ടിട നമ്പർ നൽകിയിട്ടുണ്ടെങ്കിലോ | |

എന്നാൽ മേൽ പറഞ്ഞ വ്യവസ്ഥയേ മറി കടക്കാൻ ചട്ടം 3(4) ൽ നിഷ്കർഷിച്ച പ്രകാരം തക്കതായ കാരണം രേഖപ്പെടുത്താതെ, ഒരേ വ്യക്തിയുടെ ഉടമസ്ഥതയിൽ ഒരേ ഉപയോഗ ക്രമത്തിലുള്ള കെട്ടിടത്തിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഗ്രാമപഞ്ചായത്തിൽ നികുതി നിർണ്ണയിച്ചത് കാരണം നഷ്ടം സംഭവിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട ഉടമ- ശ്രീ.അഷറഫ് .പിലാവിൽ.ഉമ്മത്തൂർ

കെട്ടിട നം-15/67 A-67 N വരെ( 14 മുറികൾ, 10 മുറികൾ 26 m2 &4 മുറികൾ 66.25 m2 വീതം)

15/67 A-15/67J വരെ 10 മുറികൾക്ക് 30/- രൂപ നിരക്കിലാണ് നികുതി ഈടാക്കിയത്.

| | ഉടമ | കെട്ടിട നം | പ്ലിന്ത് ഏരിയ | ഈടാക്കിയ നികുതി | അടിസ്ഥാന വസ്തുനികുതിയിന്മേലുള്ള | ഈടാക്കേണ്ട നികുതി | നഷ്ടം | കുറിപ്പ് |
|---|---|---|---|---|---|---|---|---|

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | ഇളവുകൾ | വർദ്ധനവ് | | | |
| 1 | ശ്രീ.അഷറഫ് പിലാവിൽ ഉമ്മത്തൂർ | 15/67 A-67J | 260m2 | 7020/- | 10% മേഖല-ദ്വിതീയം | ഇല്ല | 14040/- (ഗ്രൗണ്ട് ഫ്ലോർ+ ഒന്നാം നില) | 7020/- | ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക്-60/- |
| ആകെ നഷ്ടം | | | | | | | | 7020/- | |

മേൽ പട്ടികയിൽ കാണിച്ച കെട്ടിടത്തിന് നികുതി നിർണ്ണയിച്ചത് കെട്ടിടത്തിന്റെ മൊത്തം തറവിസ്തീർണ്ണാടിസ്ഥാനത്തിലുള്ള ഉപയോഗം കണക്കിലെടുക്കാതെയാണ്. ഇത് കാരണം നികുതിയിൽ നഷ്ടം സംഭവിച്ചു.

2.രേഖകൾ പൊരുത്തപ്പെടുന്നില്ല.

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഓഡിറ്റ് വർഷത്തിൽ ആകെ 9139 ഡിമാന്റുകളാണുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2013-14 വർഷം മുതൽ കെട്ടിട നികുതിയുടെ അസസ് മെന്റ്, ഡിമാന്റ് കലക്ഷൻ എന്നിവ സഞ്ചയ സോഫ്റ്റ് വെയർ മുഖേനയാണ് ചെയ്തു വരുന്നത്.സ്ഥാപനത്തിൽ അവസാനമായി തയ്യാറാക്കിയതും ഓഡിറ്റ് സാക്ഷ്യപ്പെടുത്തിയതുമായ ഡിമാന്റ് രജിസ്റ്റർ 2012-13 വർഷത്തേതാണ് . ഈ ഡിമാന്റ് രജിസ്റ്റർ പ്രകാരം 7894 നികുതി ഡിമാന്റുകൾ സ്ഥാപനത്തിലുണ്ടായിരുന്നു. സ്ഥാപനത്തിൽ പരിപാലിച്ചുപോന്ന ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്റർ പരിശോധിച്ചതിൽ 2013-14 മുതൽ 2018-19 വരെയുള്ള കാലയളവിൽ ആകെ നിർമ്മിക്കപ്പെട്ട പുതിയ കെട്ടിടങ്ങൾ 1245 എണ്ണമാണ്. 31.03.2019 വരെ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ട 167 കെട്ടിടങ്ങളാണുള്ളത്. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഡിമാന്റുകളുടെ കൃത്യത ഉറപ്പുവരുത്തുന്നതിന് സാധിക്കുന്നില്ല.

3.പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകളില്ല. അനധികൃത നിർമ്മാണ സാധ്യത നിരീക്ഷിക്കുന്നില്ല

സ്ഥാപനത്തിൽ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുമ്പോഴോ പുതുക്കുമ്പോഴോ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല(ചില പെർമിറ്റുകളുടെ കാര്യത്തിൽ മാത്രം പൂർത്തീകരണം രേഖപ്പെടുത്തിയിട്ടുണ്ട്). ഇതുകൊണ്ട് തന്നെ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ പുതുക്കുകയോ ചെയ്യാത്ത പെർമിറ്റുകൾ നിരീക്ഷണവിധേയമാക്കാനോ അനധികൃത നിർമ്മാണമുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കാനോ കഴിയുന്നില്ല. നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെർമിറ്റുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും പൂർത്തീകരണ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടത് കെട്ടിട ഉടമയെ സംബന്ധിച്ച് അത്യാവശ്യമായ കാര്യമല്ലാത്തതിനാൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കണമെന്നില്ല.എന്നാൽ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം പഴയനിരക്കിൽ കണക്കാക്കിയ നികുതിക്കു പകരം കെട്ടിടത്തിനു മുഴുവൻ പുതിയ നിരക്കിൽ നികുതി കണക്കാക്കി ഈടാക്കാനുള്ള സാധ്യതയുണ്ടാകുന്നു. ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് കാലാവധിക്കു ശേഷം സൈറ്റ് പരിശോധന നടത്തിയാൽ മാത്രമാണ് നിജസ്ഥിതി കണ്ടെത്താനാവുക. രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ഇത്തരം പരിശോധന നടത്തപ്പെടാത്തതും നികുതി ഇനത്തിൽ വൻതുക സ്ഥാപനത്തിന് നഷ്ടപ്പെട്ടു കൊണ്ടി രിക്കു കയു മാണ്.

4.ലൈസൻസിംഗിലെ പ്രവണതകൾ പരിശോധിക്കപ്പെടുന്നില്ല

കെട്ടിടനിർമ്മാണ ലൈസൻസ് മേഖലയിലെ പ്രവണതകൾ വിലയിരുത്തി അനധികൃത നിർമ്മാണത്തിന്റെ തോത് തിരിച്ചറിയാൻ സ്ഥാപനം ശ്രമിച്ചിട്ടില്ല.ഓഡിറ്റ് വർഷത്തിൽ കെട്ടിടങ്ങളുടെ പെർമിറ്റ് ഫീസ് ഇനത്തിലെയും റഗുലറൈസേഷൻ ഫീസ് ഇനത്തിലെയും വരവ് യഥാക്രമം 90777/-രൂപയും 172987/- രൂപയുമാണ് .അതായത് പെർമിറ്റ് ലഭിച്ച കെട്ടിടങ്ങളെ അടിസ്ഥാനപ്പെടുത്തി നോക്കുമ്പോൾ അനധികൃത നിർമ്മാണം വൻതോതിൽ നടക്കുന്നെന്ന് ഇത് വ്യക്തമാക്കുന്നു. കെട്ടിടങ്ങളുടെ അനധികൃത നിർമ്മാണം നിയന്ത്രിക്കപ്പെടുന്നില്ല എന്നതിനൊപ്പം നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾ സമയബന്ധിതമായി നികുതി അസസ് ചെയ്ത് ഡിമാന്റിൽ ഉൾപ്പെടുത്തുന്നുമില്ല.നികുതി ഒടുക്കാൻ ബാധ്യസ്ഥമായ കെട്ടിടങ്ങൾ നികുതി പരിധിയിൽ പെടാതെ ഒഴിഞ്ഞു പോകുന്നെന്ന് ഇത് സാക്ഷ്യപ്പെടുത്തുന്നു.

മേല്പറഞ്ഞ അപാകതകൾ നിലനില്ക്കേ ഇക്കാര്യങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽ വന്നിട്ടില്ലെന്ന് മിനിട്സ് സാക്ഷ്യപ്പെടുത്തുന്നു. വസ്തുനികുതിയുടെ കാര്യത്തിൽ പിരിവ് 100% ആക്കാനുള്ള നിർദ്ദേശങ്ങളും ഇടപെടലുകളും മാത്രമാണ് ഉണ്ടായിട്ടുള്ളത്.

അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-9 തൊഴിൽ നികുതി അപാകതകൾ

i) രജിസ്റ്ററുകൾ തയ്യാറാക്കിയതിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ലാത്തതിനാൽ 2018-19സാമ്പത്തിക വർഷത്തെ കച്ചവടക്കാരുടെ തൊഴിൽ നികുതി ഇനത്തിലെ ഡിമാന്റ്,കളക്ഷൻ എന്നിവയുടെ കൃത്യത ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടില്ല.

2)ജീവനക്കാരുടെ എണ്ണത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം

ചെക്യാട് ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലിചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം | ലൈസൻസ് ക്രമ നം | ലൈസൻസ് അപേക്ഷകന്റെ പേര് | വാർഡ് / കെട്ടിട നം | ആവശ്യം | ജീവനക്കാരുടെ എണ്ണം | ഈടാക്കിയ നികുതി |
|---|---|---|---|---|---|---|
| 1 | 19/18-19 | ശ്രീ.രാജൻ കല്ലുംപുറത്ത് | 6/221-224 | വാടക സ്റ്റോർ,പി.ആർ. എസ് ലൈറ്റ് & സൌണ്ട്സ് | 4 | 2500/- |
| 2 | 14/18-19 | ശ്രീ.വി.പി.കുഞ്ഞമ്മത് | 10/72 | മരമിൽ -ഇ.എം.കെ ടിമ്പർ സോമിൽ | 4 | 2500/- |
| 3 | 2/18-19 | ശ്രീമതി.സി എച്ച് ഉമ്മുകൽസു പാറക്കടവ് | 13/63-64 | മെഡിക്കൽ ഷോപ്പ് | 3 | 360/- |
| 4 | 5/18-19 | ശ്രീ. വിജീഷ്എം.ടി മത്തത്ത് താഴെ | 13/180 | മെഡിക്കൽ ലാബോറിട്ടറി | 2 | 1250/- |
| 5 | 41/18-19 | ശ്രീ.സി.സബൈർ ചെട്ട്യാന്റവിട | 13/934 | മെഡിക്കൽ ലാബ് | 3 | 1250/- |
| 6 | 67/18-19 | ശ്രീ.മനീഷ് | 5/239-242 | അനാദി കച്ചവടം | 4 | 750/- |

| | | | | | | |
|---|---|---|---|---|---|---|
| | | വി.കെ തയ്യിൽ. ചെക്യാട് | | | | |
| 7 | 78/18-19 | ശ്രീ.അഹമ്മദ് പുത്തൻപുരയിൽ | 13/55-57 | ഹോട്ടൽ റസ്റ്റോറന്റ് | 10 | 600/- |
| 8 | 83/18-19 | ശ്രീ.അഹമ്മദ് തോട്ടുങ്ങൽ . ഉമ്മത്തൂർ പി.ഒ | 14/359 | പഴം,പച്ചക്കറി സംഭരണം,വില്പന | 6 | 2500/- |
| 9 | 84/18-19 | ശ്രീ.ഷഫീഖ് വാച്ചാൽ ഉമ്മത്തൂർ | 14/360-361 | പഴം,പച്ചക്കറി സംഭരണം,വില്പന | 6 | 600/- |
| 10 | 86/18-19 | ശ്രീ.ഹമീദ് കുനിയിൽ, ശ്രീ.രാജേഷ് പി.എം, ശ്രീ.വിജിത്ത്.കെ.കെ. | 13/519 | സ്വർണ്ണാഭരണ വില്പന-ആർ.വി ഗോൾഡ് സിറ്റി | 3 | 2500/- |
| 11 | 92/18-19 | ശ്രീ.മജീദ് എച്ചിപ്പതേമ്മൽ | 13/1161 | കാറ്ററിംഗ് സർവ്വീസ്-ഒലീവ് കാറ്ററിംഗ് | 3 | 750/- |
| 12 | 104/18-19 | ശ്രീ.നിഷാദ്പി.പി പുതിയ പുരയിൽ | 13/1105-1107 | അനാദി കച്ചവടം-ബിസ്മി ട്രേഡിംഗ് കമ്പനി | 4 | 750/- |
| 13 | 109/18-19 | ശ്രീ.ഹമീദ് പറമ്പത്ത് | 1/125-129 | ഹോട്ടൽ-അൽസഫ | 6 | 1250/- |
| 14 | 117/18-19 | ശ്രീ.കുഞ്ഞമ്മദ് സി.പി ചുണ്ടംപുനത്തിൽ | 1/10A | പല ചരക്ക് കച്ചവടം-കടവ് സൂപ്പർമാർക്കറ്റ് | 4 | 2500/- |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സ്ഥാപന ഉടമകൾ പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ജീവനക്കാരന്റെ പേര്, അർദ്ധവാർഷിക വരുമാനം,ഈടാക്കിയ നികുതി, രസീത് നം, തീയതി സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

3)അർദ്ധവാർഷിക വരുമാന പത്രികകളിൽ ശമ്പളത്തിന്റെ വിവരങ്ങൾ പൂർണ്ണമല്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 204, 205 വകുപ്പുകളിലേയും 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും 6 മാസത്തെ വരുമാനം നിർണ്ണയിച്ചു കാണിക്കുന്ന പട്ടിക പ്രകാരമായിരിക്കണം അർദ്ധവാർഷിക വരുമാന പത്രിക സമർപ്പിക്കേണ്ടത്. അടിസ്ഥാന ശമ്പളം, ക്ഷാമ ബത്ത, സ്പെഷ്യൽ പേ, അവധി വേതനം, ഉത്സവ ബത്ത, മറ്റു അലവൻസ് എന്നിവയുടെ ആറ് മാസത്തെ ആകെ തുക അർദ്ധവാർഷിക വരുമാന കോളത്തിൽ രേഖപ്പെടുത്തിയ ശേഷമാണ് തൊഴിൽ നികുതി സ്ലാബ് നിർണ്ണയിക്കേണ്ടത്. ചെക്യാട് ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകളിൽ തൊഴിൽ നികുതി സ്ലാബ് നിർണ്ണയത്തിനു വേണ്ട മുഴുവൻ ശമ്പള വിവരങ്ങളും നൽകാത്ത സ്ഥാപനങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1) ഐഡിന്റിറ്റി കോളേജ് ഓഫ് സയൻസ്&കോമേഴ്സ് -നാദാപുരം

2)നാഷണൽ കോളേജ് ഓഫ് ആർട്സ് & സയൻസ് പുളിയാവ്

3)ദാറുൽ ഹുദ ഇംഗ്ലീഷ് മീഡിയം സ്കൂൾ പാറക്കടവ്

സ്കൂൾ/സ്ഥാപന മേധാവികൾ സമർപ്പിക്കുന്ന റിട്ടേണുകളിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ വേതന വിവരങ്ങൾ

പരിശോധിച്ചതിൽ ജീവനക്കാർക്ക് സംസ്ഥാന സർക്കാർ നിർദ്ദേശിച്ച നിരക്കിൽ ശമ്പളവും മറ്റാനുകൂല്യവും ലഭ്യമാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. സ്കൂൾ മേധാവികൾ സമർപ്പിക്കുന്ന റിട്ടേണുകളിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുന്നുണ്ടോഎന്നും , രേഖപ്പെടുത്തിയ വിവരങ്ങൾ ശരിയാണോ എന്നും തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തിയിട്ടുമില്ല.ഏതൊരു സംസ്ഥാന/ കേന്ദ്ര/ലോക്കൽ അതോറിറ്റി ആവശ്യപ്പെടുന്ന വിവരങ്ങളും സമയ പരിധിക്കുള്ളിൽ നൽകാൻ സ്കൂൾ അധികാരികൾ ബാധ്യസ്ഥരാണ്. പഞ്ചായത്തിൽ നിന്നും സ്ഥാപന മേധാവികൾക്ക് നോട്ടീസ് നൽകി ജീവനക്കാരുടെ വിവരങ്ങൾ നൽകാൻ ആവശ്യപ്പെട്ടിട്ടും പ്രസ്തുത വിവരങ്ങൾ നൽകാതിരിക്കുന്നത് നിയമലംഘനമാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ എല്ലാ വിവരങ്ങളുമടങ്ങിയ റിട്ടേണുകൾ വാങ്ങി, ഈയിനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ച് അത് പരിഹരിക്കാൻ നടപടിയെടുക്കേണ്ടതാണ്.

4)മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ചെക്യാട് ഗ്രാമപഞ്ചായത്തിൽ അരീക്കരക്കുന്ന് പ്രവർത്തിക്കുന്ന ബി.എസ്.എഫ്- കേന്ദ്രത്തിൽ നിന്നും നാളിതുവരെയായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

5)വിവിധ ബിൽഡിംഗ് സൂപ്പർവൈസർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2018-19 വർഷത്തിൽ ചെക്യാട് ഗ്രാമപഞ്ചായത്തിൽ ബിൽഡിംഗ് പ്ലാനുകളിൽ സൂപ്പർവിഷൻ നടത്തിയ ചുവടെ ചേർക്കുന്ന എൽ.ബി.എസ് മാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | പേരും വിലാസവും | രജിസ്റ്റർ നമ്പർ |
|---|---|---|
| 1 | ശ്രീ.മുഹമ്മദ് ഷെഫീഖ് കെ.പി കെൻസ് | രജി നം-ഇ1-2050/2008/4553/കെ.കെ.ഡി /29/2013/ഇ.എ |
| 2. | ശ്രീ.പ്രമോദൻ ടി പ്രീതി നിവാസ് .കക്കട്ടിൽ | രജി നം-ഡി-2021/04/1440/എസ്.എ |
| 3. | ശ്രീ.മുരളി കൃഷ്ണൻ ഇ.ടി എടത്തും താഴ.വിഷ്ണുമംഗലം | രജി നം-ഇ/2050/08/5460/കെകെഡി522 /2013/എസ്.ബി |
| 4. | ശ്രീ.അമീറലി ഖമർമഹൽ | രജി നം-ഇ/2050/08/4813/കെകെഡി/69/2013/ഇ.എ |
| 5. | ശ്രീ.സി.എം ശിവപ്രസാദ് ശിവ ഭവൻ | രജി നം-ഇ/2050/08/1191/കെകെഡി/18/2018/എസ്.എ |
| 6 | ശ്രീ.അനിൽ കുമാർ ചെറിയാണ്ടിയിൽ ഒഞ്ചിയം | രജി നം-സി1/1986/2000/879/ഇ.എ |
| 7 | ശ്രീ.പ്രദീപൻ മീത്തലെതെക്കാട്ട് | രജി നം-ഇ/2050/08/3758/കെകെഡി/17/2012/എസ്.ബി |
| 8 | ശ്രീ. പി ബാലൻ | രജി നം-സി1/1665/2001/682/ഇ.എ |

6)മുഴുവൻ വാണിജ്യ കെട്ടിടങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 1842 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. 2018-19 വർഷത്തിൽ ചെക്യാട് ഗ്രാമപഞ്ചായത്തിൽ വാണിജ്യ കെട്ടിടങ്ങൾക്കൊന്നും തന്നെ വേക്കൻസി റെമിഷൻ അനുവദിച്ചിട്ടില്ല.അതായത് 1842 കെട്ടിടങ്ങളിൽ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. ഓഡിറ്റ് വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം 192 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ച കണക്കുകൾ പ്രകാരം ആകെ അനുവദിക്കപ്പെട്ട ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം 285 ആണ്. അവശേഷിക്കുന്ന 1557 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനില്ക്കുന്നു.ഇത്തരം കെട്ടിടങ്ങൾ ഫീൽഡ് പരശോധനയിലൂടെ കണ്ടെത്തി അവയിൽ നിന്നും ജീവനക്കാരുടെ റിട്ടേൺ വാങ്ങി വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-10 വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ

1)ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് ( വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ്) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്ത പക്ഷം ലൈസൻസിന്റെ കാലാവധി പ്രസിഡന്റ് ഒരു മുൻ തിയ്യതിയിൽ അതിന്റെ കാലാവധി അവസാനിക്കണമെന്ന് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തിയ്യതിയിൽ അവസാനിക്കുന്നതുമാകുന്നു.

2018-19 വർഷത്തിൽ ചെക്യാട് ഗ്രാമ പഞ്ചായത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, 192 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2018 ഫെബ്രുവരി മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. ഇവയിൽ 11 എണ്ണം മാത്രമാണ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരിയിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്.

2)ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.ഇത് കാരണം ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം ലഭ്യമല്ല.

3)ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2019 ന് വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1842 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2018-19 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 192 പേർ മാത്രമാണ് ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ളത് (285 കെട്ടിടങ്ങളിൽ). നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ശേഷിക്കുന്ന കെട്ടിടങ്ങൾ ഉപയോഗിക്കുവാനുള്ള സാധ്യത നിലനിൽക്കുന്നു. പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ബാക്കി സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന്, 1996 ലെ കേരള പഞ്ചായത്ത് രാജ് (സംരംഭങ്ങൾക്കുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-11 പച്ചക്കറികൃഷിക്ക് കൂലിചെലവ് സബ്സിഡി-ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്തതിൽ അപാകത

പ്രൊജക്ട് നമ്പർ- 36/19

വകയിരുത്തിയ തുക- 85000

ചെലവുതുക- 85000 (ബിൽ നമ്പർ 12/18-19 തി 21.3.19-50000

ചെക്ക് നമ്പർ-5457571 തി22.3.19. 35000

പച്ചക്കറികൃഷിക്ക് കൂലിചെലവ് സബ്സിഡി പ്രൊജക്ട് പ്രകാരം 85000 രൂപ പിൻവലിച്ച് 16 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ ഭൂരിഭാഗം അപേക്ഷകളിലും പച്ചക്കറി കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ അന്വേഷണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം. കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ച രേഖകളും ചില അപേക്ഷകളോടൊപ്പം ലഭ്യമായിട്ടില്ല. ആവശ്യമായ രേഖകൾ ഉൾപ്പെടുത്തി ലഭ്യമായ അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് അർഹമായതിലും കൂടുതൽ ആനുകൂല്യം ലഭ്യമാക്കിയതായി കാണുന്നു.

| ഗുണഭോക്താവിന്റെ പേര് | കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി | അർമായ ധനസഹായം | ലഭ്യമാക്കിയ ധനസഹായം | റിമാർക്സ് |
|---|---|---|---|---|
| ഉഷ.ഇ.അരുണ്ടയിൽ | 1ഏക്കർ | 6800 | 10200 | ടിയാളുടെ അപേക്ഷ, ഹാജരാക്കിയ നികുതി ശീട്ട് എന്നിവപ്രകാരം 1 ഏക്കർ സ്ഥലത്ത് കൃഷിചെയ്തു. അന്വേഷണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം ഇല്ല. ഗുണഭോക്താവിന് 3400 രൂപ അധികം അനുവദിച്ചു. |
| ചന്ദ്രി. പുളിയൻ മാക്കൂൽ. പുളിയാവ് | 75 സെന്റ് | 5100 | 6800 | പാട്ടത്തിന് കൃഷിനടത്തുന്ന ടിയാൾക്ക് സ്ഥലമുടമ കുഞ്ഞി സൂപ്പി ഹാജി 75 സെന്റ് സ്ഥലത്ത് പച്ചക്കറികൃഷി നടത്തുന്നതിന് നൽകിയ സമ്മതപത്രം ഫയലിൽ ഉണ്ട്. ടിയാൾക്ക് 75സെന്റിന് പകരം 1 ഏക്കർ സ്ഥലത്ത് കൃഷിചെയ്തതിന് ആനുകൂല്യം നൽകിയതിലൂടെ 1700 രൂപ അധികം അനുവദിച്ചു. |

ഗുണഭോക്താക്കൾക്ക് ആവശ്യമായ രേഖകൾ ലഭ്യമാക്കാതെ ആനുകൂല്യം വിതരണം ചെയ്തതിനും രേഖകൾ ലഭ്യമാക്കിയ ഗുണഭോക്താക്കൾക്ക് അർഹമായതിലും കൂടുതൽ ആനുകൂല്യം വിതരണം ചെയ്യാനുണ്ടായ കാരണവും വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സ.ഉ. നം. 22/18/തസ്വഭവ.തിരുവനന്തപുരം തി. 14.02.2018 ഖണ്ഡിക 6.1(7) പ്രകാരം പച്ചക്കറികൃഷിയ്ക്ക് കൂലി ചെലവ് സബ്സിഡി ഇനത്തിൽ ഒരു ഹെക്ടറിന് പരമാവധി 17000 രൂപ മാത്രമേ അനുവദിക്കാൻ പാടുള്ളൂ. മേൽ ഗുണഭോക്താക്കൾക്ക് അർഹതയിലും കൂടുതൽ അനുവദിച്ച 5100 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 1-12 കിണർ റീചാർജ് പ്രൊജക്ട് നടപ്പിലാക്കിയില്ല- ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ലഭിച്ച തുക ചെലവഴിക്കാതെ പാഴായി.

പ്രൊജക്ട് നമ്പർ- 144/18

വകയിരുത്തിയ തുക- 1000000

ചെലവ് - ഇല്ല

കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി 2017-18 വർഷത്തിൽ രൂപീകരിച്ച പ്രൊജക്ടാണ് കിണർ റീചാർജിംഗ്. ആയതിന് വികസനഫണ്ട് പൊതുവിഭാഗമിനത്തിൽ 3 ലക്ഷംരൂപയും ജില്ല/ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 3 ലക്ഷംരൂപ വീതവും ഗുണഭോക്തൃ വിഹിതമിനത്തിൽ 100000 രൂപയും ഉൾപ്പെടെ മൊത്തം 10 ലക്ഷം രൂപയാണ് വകയിരുത്തിയത്. ആയതിൽ ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ വകയിരുത്തിയ ആറ് ലക്ഷംരൂപ (300000+300000) 2017-18 സാമ്പത്തിക വർഷത്തിൽ തന്നെ പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ തുകയൊന്നും ചെലവഴിക്കാതെ മേൽ പ്രൊജക്ട് 2018-19ൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരിക്കയാണ്. 2018-19 സാമ്പത്തിക വർഷത്തിലും പ്രൊജക്ടിന് ചെലവൊന്നും ഇല്ല. 2017-18സാമ്പത്തിക വർഷത്തിൽ ജില്ല/ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ വരവുവന്ന 600000 രൂപ ചെലവഴിക്കാതെ നിലവിൽ പഞ്ചായത്ത് ഫണ്ടിൽ അവശേഷിച്ചിരിക്കയാണ്. 2019-20 സാമ്പത്തികവർഷത്തിൽ പ്രൊജക്ട് സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടില്ല. പ്രൊജക്ട് നടപ്പിലാക്കാതെ കിണർ റീചാർജിനായി വരവുവന്ന ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിക്കാതെ നഷ്ടപ്പെടുന്നത് സംബന്ധിച്ച് കൃഷിയും അനുബന്ധ മേഖലയെ വർക്കിംഗ് ഗ്രൂപ്പിലോ, മേൽനോട്ട ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിലോ ചർച്ചകൾ നടന്നതായോ, നിർവഹണ ഉദ്യോഗസ്ഥന് പ്രൊജക്ട് നടപ്പിലാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയതായോ കാണുന്നില്ല. അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതാണ്. ചെലവഴിക്കാതെ ശേഷിക്കുന്ന 6 ലക്ഷം രൂപ തിരിച്ചടക്കേണ്ടതാണ്.

## 1-13 ഇടവിള കൃഷിവികസനം പ്രൊജക്ട് നടത്തിപ്പിൽ അപാകത-

പ്രൊജക്ട് നമ്പർ - 33/19

വകയിരുത്തിയ തുക- 429000

ചെലവുതുക- 429000 (ബിൽ നമ്പർ 10/18-19 തി 22.3.19 329000

7/18-19 തി5.11.19- 100000

നിർവഹണം - കൃഷിഓഫീസർ

മേൽ പ്രൊജക്ട് പ്രകാരം 858 ഇളവിള കൃഷി നടീൽ വസ്തുക്കളുടെ കിറ്റുകൾ വിതരണം ചെയ്യുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്. എന്നാൽ ഇടവിള കൃഷി കിറ്റുകൾക്ക് പകരമായി കിലോക്ക് 50 രൂപ പ്രകാരം റെയിഡ്കോ യിൽ നിന്നും 6580 കിലോ ചേനവിത്തും,നാദാപുരം ഗ്രാമപഞ്ചായത്ത് കാർഷിക കർമ്മസേനയിൽ നിന്നും 2000 കിലോ ചേനവിത്തുമാണ് നിർവഹണ ഉദ്യോഗസ്ഥൻ മേൽ ബിൽ പ്രകാരം തുക പിൻവലിച്ച് വാങ്ങിയിട്ടുള്ളത്. ഇടവിള കൃഷി കിറ്റുകൾ വിതരണത്തിനായി തയ്യാറാക്കിയ പ്രൊജക്ട് ചേനവിത്ത് വിതരണത്തിനു മാത്രമായി പരിമിതപ്പെടുത്തുന്നതിന് ഭരണ സമിതിയിലോ, ബന്ധപ്പെട്ടസ്റ്റാന്റിംഗ് കമ്മറ്റിയിലോ തീരുമാനം കൈകൊണ്ടതിന്റെ രേഖകളൊന്നും പരിശോധനക്ക് ലഭ്യമായിട്ടില്ല. ആയത് പഞ്ചായത്ത് പ്രൊക്വയർമെന്റ് കമ്മറ്റിയുടെ അംഗീകരിച്ചതായും കാണുന്നില്ല. ചേനവിത്ത് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധിച്ചതിൽ 658 പേർക്ക് 10കിലോവീതം വിതരണം ചെയ്തതിന്റെ വിതരണ സ്റ്റേറ്റ് മെന്റ് ലഭ്യമാക്കിട്ടുണ്ട്. പ്രൊജക്ട് പ്രകാരം 858 കർഷകർക്ക് കിറ്റുകൾ വിതരണം ചെയ്യുന്നതിനായി ലക്ഷ്യമിട്ടിരുന്നതിനാൽ അത്രയും പേർക്ക് വിതരണത്തിനായി മൊത്തം 8580 കിലോ ചേനവിത്ത് നിർവഹണ ഉദ്യോഗസ്ഥൻ മേൽ പ്രകാരം സംഭരിച്ചിരുന്നെങ്കിലും ആയതിൽ 6580 കിലോ 658 പേർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമെ പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളു. അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതാണ്, വിതരണവിവരം ലഭ്യമാവാത്ത 2000 കിലോ ചേനവിത്തിന്റെ വില 100000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-14 സമഗ്ര തെങ്ങ് കൃഷി വികസന പദ്ധതി -പ്രൊജക്ട് നടത്തിപ്പിൽ അപാകത

പ്രൊജക്ട് നമ്പർ- 31/19

വകയിരുത്തിയ തുക- 1002000

ചെലവുതുക- 732200

നിർവഹണ ഉദ്യോഗസ്ഥൻ- കൃഷി ഓഫീസർ

സമഗ്രതെങ്ങ് കൃഷി വികസന പദ്ധതി പ്രകാരം തെങ്ങിന് ജൈവവള വിതരണം ,രോഗം വന്ന തെങ്ങുകൾ വെട്ടമാറ്റുന്നതിന് ധനസഹായം, അത്യുത്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ വിതരണം എന്നിവയാണ് പ്രൊജക്ട് പ്രകാരം ലക്ഷ്യമിട്ടിരിക്കുന്നത്. വിവിധ പ്രവർത്തനങ്ങൾക്കായി ആകെ 732200 രൂപ നിർവഹണ ഉദ്യോഗസ്ഥൻ ചെലവഴിച്ചിട്ടുണ്ട്.പ്രൊജക്ട് പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) ജൈവവള വിതരണം ലൈസൻസുള്ള സർവീസ് സഹകരണ ബാങ്ക് മുഖേന നിർവഹിക്കുന്നതിനാണ് പ്രൊജക്ട് ലക്ഷ്യമിട്ടിരിക്കുന്നത്. എന്നാൽ ബിൽ നമ്പർ 5/18-19 തി. 22.11.18 പ്രകാരം 121875 രൂപ പിൻവലിച്ച് കിലോക്ക് 26 രൂപ പ്രകാരം 6250 കിലോ വേപ്പിൻ പിണ്ണാക്കിന്റെ വിലയുടെ 75% സബ്സിഡി ഇനത്തിൽ സാധനം സപ്ലൈ ചെയ്ത റെയ്ഡ്കോ കുത്തുപറമ്പ് എന്ന സ്ഥാപനത്തിന് നൽകിയതല്ലാതെ ഗുണഭോക്താക്കൾ വേപ്പിൻ പിണ്ണാക്ക് വാങ്ങിച്ചതിന്റെ കാഷ് ബിൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ ബിൽ നമ്പർ 11/18-19 തി.21.3.19 പ്രകാരം പിൻവലിച്ച 21825 രൂപ വിവിധ സ്ഥാപനങ്ങളിൽ നിന്നും ജൈവവളം വാങ്ങിച്ചതിന്റെ വിലയായി വിവിധ ഗുണഭോക്താക്കളുടെ ബാങ്ക് എകൗണ്ടിലേക്ക് കൈമാറുകയാണ് ചെയ്തിരിക്കുന്നത്. ഇതിൽ നിന്നും പ്രൊജക്ട് ലക്ഷ്യമിട്ടിരിക്കുന്ന രീതിയിലല്ല വളം വാങ്ങിച്ചതെന്ന് വ്യക്തമാവുന്നു.

2) സ.ഉ.നമ്പർ 22/18 തി14.2.18 ഖണ്ഡിക 6.1 പ്രകാരം ജൈവവളത്തിന്റെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ യൂണിറ്റ് കോസ്റ്റ് നിർണയിച്ച് നൽകിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3) പ്രൊജക്ടിലെ ഒരിനമായ രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിന് ബിൽ നമ്പർ9/18-19 തി3.1.19 പ്രകാരം 181500 രൂപയും ബിൽനമ്പർ 13/18-19 പ്രകാരം പിൻവലിച്ച 59500 രൂപയും ഉൾപ്പെടെ 241000 രൂപ 482 തെങ്ങുകൾ വെട്ടിമാറ്റിയതിന് ഗുണഭോക്താക്കളുടെ ബാങ്ക് എകൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട അപേക്ഷകൾ, തെങ്ങ് വെട്ടിമാറ്റിയത് സംബന്ധിച്ച് പരിശോധനാ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം മുതലായവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾക്ക് ലഭ്യമായ വേപ്പിൻ പിണ്ണാക്കിന്റെ കാഷ് ബില്ലുകൾ ലഭ്യമാക്കാതെ റെയ്ഡ്കോക്ക് കൈമാറിയ 121875 രൂപ, ആവശ്യമായ രേഖകൾ ലഭ്യമാക്കാതെ തെങ്ങുകൾ വെട്ടിമാറ്റുന്നതിനുള്ള ധനസഹായമിനത്തിൽ അനുവദിച്ച 241000 രൂപ ഉൾപ്പെടെ 362875 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-15 എസ്.എസ്.എ.വിഹിതം അടവാക്കൽ -വിനിയോഗവിവരം ലഭ്യമാവാത്തതും മറ്റ് അപാകതകളും

പ്രൊജക്ട് നമ്പർ- 10/19

വകയിരുത്തിയ തുക- 800000

ചെലവുതുക- 800000(ബിൽ നമ്പർ 1/18-19 തി 21.6.18)

ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി S.S.A.വിഹിതം അടവാക്കൽ പ്രൊജക്ട് പ്രകാരം 8 ലക്ഷം രൂപ പിൻവലിച്ച് ജില്ലാ പ്രൊജക്ട് ഓഫീസർ S.S.A.കോഴിക്കോടിന് അടവാക്കിയിട്ടുണ്ട്. ജില്ലാ പ്രൊജക്ട് ഓഫീസർ എസ്.എസ്.എ 4.12.18 ന് സെക്രട്ടറിക്ക് നൽകിയിട്ടുള്ള കത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ചെക്യാട് പഞ്ചായത്തിൽ 44.5 ലക്ഷത്തിന്റെ പ്രൊജക്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും ആയതിന് ഗ്രാമപഞ്ചായത്ത് വിഹിതമായി 17.8 ലക്ഷം രൂപ അടവാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് 8 ലക്ഷം രൂപ മാത്രമെ പ്രൊജക്ടിനായി വകയിരുത്തി അടവാക്കിയിട്ടുള്ളു. സ.ഉ.നമ്പർ 11/18 തി 29.1.2018 ഖണ്ഡിക7.6 പ്രകാരം ജില്ലാപഞ്ചായത്തും ഗ്രാമപഞ്ചായത്തുകളും ഗ.വ.നിശ്ചയിക്കുന്ന തുക S.S.A.പ്രൊജക്ടുകൾക്ക് വകയിരുത്തണമെന്നും, പ്രൊജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കണമെന്നും

നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പ്രൊജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ പങ്ക് വഹിച്ചതായി കാണുന്നില്ല. പ്രൊജക്ടിൽ വകയിരുത്തിയ തുക അടവാക്കുക മാത്രമാണ് നിർവഹണ ഉദ്യോഗസ്ഥൻ ചെയ്തിരിക്കുന്നത്. ഇപ്രകാരം അടവാക്കിയ തുകയുടെ വിനിയോഗവിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും വിനിയോഗവിവരം പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. വിനിയോഗവിവരത്തിന്റെ അഭാവത്തിൽ ചെലവു തുക 800000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-16 തുടർ സാക്ഷരത-തുല്യതാകോഴ്സ് ഫീസ് അടവാക്കൽ-തുക അടവാക്കിയതിന്റെ രേഖകൾ,വിനിയോഗവിവരം എന്നിവ ലഭ്യമായില്ല

പ്രൊജക്ട് നമ്പർ- 42/19

വകയുരുത്തിയ തുക- 50000

ചെലവുതുക- 43350 (ചെക്ക് നമ്പർ 1616101 തി22.3.19- 17000

ചെക്ക് നമ്പർ 0691919 തി 22.3.19-26350

മേൽ പ്രൊജക്ട് പ്രകാരം പത്താം തരം തുല്യതാ പഠിതാക്കളുടെ കോഴ്സ് ഫീസ് ഇനത്തിൽ 26350 രൂപയും ഹയർസെക്കന്ററി തുല്യതാകോഴ്സ് പഠിതാക്കളുടെ കോഴ്സ് ഫീസ് ഇനത്തിൽ 17000 രൂപയും അടവാക്കുന്നതിനായി നിർവഹണ ഉദ്യോഗസ്ഥന് മേൽ ചെക്കുകൾ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. തുക പിൻവലിച്ചതല്ലാതെ ആയത് സാക്ഷരതാമിഷനിൽ അടവാക്കിയതിന്റെ രേഖകളോ, സാക്ഷരതാമിഷനിൽ നിന്നുള്ള കൈപ്പറ്റ് രശീതിയോ, തുക ചെലവഴിക്കപ്പെട്ടതിന്റെ വിനയോഗസാക്ഷ്യപത്രമോ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. ആവശ്യമായ രേഖകളുടെ അഭാവത്തിൽ ചെലവുതുക 43350 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-17 സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ടുകൾ വിനിയോഗവിവരം ലഭ്യമായില്ല.

സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി വിവിധ പ്രൊജക്ടുകൾ പ്രകാരം തുക പിൻവലിച്ച് സെക്രട്ടറി തൂണേരി ബ്ലോക്ക് പഞ്ചായത്ത്, I.K.M.തിരുവനന്തപുരം എന്നിവയിൽ അടവാക്കിയിട്ടുണ്ട്. അടവാക്കിയ തുകയുടെ വിനിയോഗവിവരം ലഭ്യമായതായി കാണുന്നില്ല. വിശദവിവരം താഴെക്കൊടുക്കുന്നു.

| പ്രൊജക്ടു നമ്പർ/പേര് | അടവാക്കിയ തുക | തുക കൈ പറ്റിയ സ്ഥാപനം | ബിൽ നമ്പർ/ തിയ്യതി |
|---|---|---|---|
| 173/19. എടവന നാമത്ത് താഴപ്പാലത്തിന് പഞ്ചായത്ത് വിഹിതം കൈമാറൽ | 1216970 | തൂണേരി ബ്ലോക്ക് പഞ്ചായത്ത് | 21/18-19 തി 31.1.2019 |
| 170/19 . 144ാം നമ്പർ അംഗനവാടി കെട്ടിട നിർമ്മാണം .ബ്ലോക്കിന് വിഹിതം കൈമാറൽ | 400000 | തൂണേരി ബ്ലോക്ക് പഞ്ചായത്ത് | 6/18-19 തി.30.6.18 |
| 2/18-19. I.K.M.വിഹിതം നൽകൽ | 53130 | I.K.M.തിരുവനന്തപുരം | 4/18-19 തി |

| | | | |
|---|---|---|---|
| | | | 25.6.18 |
| | 1670100 | | |

മേൽ തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്. വിനിയോഗവിവരത്തിന്റെ അഭാവത്തിൽ ചെലവുതുക 1670100 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-18 ചെലവഴിക്കാതെ അവശേഷിക്കുന്ന ജില്ല/ബ്ലോക്ക് പഞ്ചായത്ത് വിഹിതം തിരിച്ചടവാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്ക് പരിശോധിച്ചതിൽ ജില്ല/ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ മുൻ വർഷങ്ങളിൽ ഉൾപ്പെടെ ലഭിച്ച തുകകളിൽ 1024265 രൂപ ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട് (ബാലൻസ് ഷീറ്റ്ഷെഡ്യൂൾ B4 കാണുക). ആയതിൽ 724265 രൂപ പഞ്ചായത്തിന്റെ ജോയിന്റ് വെഞ്ചർ എകൗണ്ടിലും 300000 രൂപ തനത് ഫണ്ട് എകൗണ്ടിലുമാണ് നീക്കിയിരിപ്പായുള്ളത്. ജില്ലാപഞ്ചായത്ത് ഫണ്ടിൽ മൊത്തം 715000 രൂപ യാണ് യഥാസമയം ചെലവഴിക്കാതെ അവശേഷിക്കുന്നത്. ആയതിൽ മൂന്ന് ലക്ഷം രൂപ അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി 2015-16 സാമ്പത്തികവർഷത്തിൽ ലഭിച്ച തുകയും മൂന്ന് ലക്ഷംരൂപ 17-18 സാമ്പത്തിക വർഷത്തിൽ കിണർ റീചാർജിനായി വരവുവന്ന തുകയുമാണ്. അവശേഷിക്കുന്ന 115000 രൂപയിൽ 40000രൂപ 2017-18 സാമ്പത്തിക വർഷത്തിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പിനത്തിൽ ലഭിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്നതും, 75000 രൂപ 2018-19 സാമ്പത്തിക വർഷത്തിൽ ക്ഷീരഗ്രാമം പ്രൊജക്ടിന് ലഭിച്ചതിൽ ചെലവഴിക്കാതെ അവശേഷിക്കുന്നതുമാണ്. ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ അവശേഷിക്കുന്ന 309265രൂപയുടെ വിശദവിവരം പരിശോധിച്ചതിൽ മൂന്ന് ലക്ഷം രൂപ 2017-18ൽ കിണർ റീചാർജിനായി വന്നതും 9168 രൂപ മിൽക്ക് ഇൻസന്റീവിനത്തിൽ 2017-18,2018-19 വർഷങ്ങളിൽ ലഭ്യമായ തുകകളിൽ ചെലവഴിക്കാതെ അവശേഷിക്കുന്നതുമാണ്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പിനത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ വരവുവന്നതിൽ ചെലവഴിക്കാതെ അവശേഷിക്കുന്നതാണ് ബാക്കിയുള്ള 80 രൂപ. അവശേഷിക്കുന്ന തുകകളൊന്നും വകയിരുത്തി 2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് സ്പിൽ ഓവർ പ്രൊജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിത മിനങ്ങളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-19 സോളാർ തെരുവ് വിളക്ക് സ്ഥാപിച്ചതിൽ അപാകത.

പ്രൊജക്ട് നമ്പർ- 172/19

വകയിരുത്തിയ തുക- 200000

ചെലവുതുക- 200000 (ബിൽ നമ്പർ 5/18-19 തി 25.6.18)

മേൽ പ്രൊജക്ട് പ്രകാരം ടെണ്ടർ നടപടികളിലൂടെ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി രണ്ട് വർഷത്തെ വാറണ്ടിയോടുകൂടിയ 18w സോളാർ സ്ട്രീറ്റ് ലൈറ്റുകൾ 10 എണ്ണം ഒവോണിക് ന്യൂമാഹി എന്നസ്ഥാപനത്തിൽ നിന്നും വാങ്ങി ഫിറ്റ് ചെയ്തിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാന്റെ സാക്ഷ്യപത്രു പ്രകാരം സോളാർ തെരുവ് വിളക്കുകൾ മുഴുവൻ വാർഡ് 10 ലെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പഞ്ചായത്ത് പരിധിയിൽ സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനാണ് പ്രൊജക്ടു പ്രകാരം തുക വകയിരുത്തിയത്. ആയത് പത്താം വാർഡിൽ മാത്രം സ്ഥാപിക്കാനുണ്ടായ കാരണം വിശദമാക്കാനാവശ്യപ്പെട്ട നൽകിയ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-20 പെയിൻ& പാലിയേറ്റീവ് പ്രൊജക്ട് പ്രകാരം അടവാക്കിയ മുഴുവൻ തുകക്കും മരുന്നുകൾ ലഭ്യമായില്ല.

പ്രൊജക്ട് നമ്പർ 7/18-19

വകയിരുത്തിയ തുക- 600000

ചെലവുതുക- 557557

നിർവഹണം - മെഡിക്കൽ ഓഫീസർ

പെയിൻ& പാലിയേറ്റീവ് പ്രൊജക്ട് പ്രകാരം കിടപ്പുരോഗികൾക്ക് അത്യാവശ്യം ലഭ്യമാവേണ്ട ഉപകരണങ്ങൾ, മരുന്നുകൾ എന്നിവ ലഭ്യമാക്കുന്നതിനായി ബിൽ നമ്പർ 19/18-19 തി 28.3.19 പ്രകാരം 86640 രൂപ മെഡിക്കൽ ഓഫീസർ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ അടവാക്കിയിട്ടുണ്ട്. പണമടവാക്കി ഒരുവർഷത്തോളമായിട്ടും കിടപ്പുരോഗികൾക്ക് അത്യാവശ്യമായ മരുന്നുകളും ഉപകരണങ്ങളും പൂർണമായി ആശുപത്രിയിൽ ലഭ്യമായിട്ടില്ല. നാളിതുവരെ 43168 രൂപയുടെ മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ മാത്രമെ ലഭ്യമായിട്ടുള്ളു. അവശേഷിക്കുന്ന മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായി മെഡിക്കൽ ഓഫീസർ നടപടികളൊന്നും കൈകൊണ്ടതായി കാണുന്നില്ല. ലഭ്യമാവാതെ അവശേഷിക്കുന്ന ഉപകരണങ്ങളുടെയും മരുന്നിന്റെയും വില 43472 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-21 ആരോഗ്യ സ്ഥാപനങ്ങളിലേക്ക് മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ- അടവാക്കിയ തുകക്കുള്ള ഹോമിയോ മരുന്നുകൾ നാളിതുവരെ ലഭ്യമായില്ല.

പ്രൊജക്ട് നമ്പർ- 30/19

വകയിരുത്തിയ തുക- 500000

ചെലവുതുക- 500000 (ബിൽ നമ്പർ11/18-19 തി 14.1.19 -300000

16/18-19 തി 12.2.19-150000

24/18-19 തി .27.3.19 -50000

മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി N.H.M ആയുർവേദ,ഹോമിയോ ആശുപത്രികളിലേക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി യഥാക്രമം ഔഷധി,കേരള ഹോമിയോപ്പതിക് കോർപ്പറേറ്റീവ് സൊസൈറ്റി എന്നിവയിൽ തുക അടവാക്കിയിട്ടുണ്ട്. ആയതിൽ ബിൽ നമ്പർ 16,24 എന്നിവ പ്രകാരമാണ് ഹോമിയോ മരുന്നുകൾ ലഭ്യമാക്കുന്നതിന് തുക അടവാക്കിയത് . ഹോമിയോ ആശുപത്രിയിൽ മരുന്നിനായി അടവാക്കിയ തുകക്ക് നാളിതുവരെ മരുന്നുകൾ ലഭ്യമായില്ലെന്ന് ഹോമിയോ മെഡിക്കൽ ഓഫീസർ അറിയിച്ചു. മരുന്നിനായി തുക അടവാക്കി ഒരുവർഷം കഴിഞ്ഞിട്ടും മരുന്നുകൾ ലഭ്യമാകാത്തത് സംബന്ധിച്ച് ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തിയതായി അറിയിച്ചതായി കാണുന്നില്ല. മരുന്ന് ലഭ്യമാക്കാൻ നടപടികൾ കൈകൊണ്ട് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.ഹോമിയോ മരുന്നിനായിചെലവഴിച്ച തുക 200000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-22 വിവിധ പ്രൊജക്ടുകൾ പ്രകാരം വാങ്ങിച്ച ഉപകരണങ്ങൾ, ഫർണീച്ചർ എന്നിവ സ്റ്റോക്കിലെടുത്തില്ല.

മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി വിവിധ പ്രൊജക്ടുകൾ പ്രകാരം ഉപകരണങ്ങൾ, ഫർണീച്ചറുകൾ എന്നിവ വാങ്ങിക്കുന്നതിന് സാമ്പത്തിക വർഷത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്.സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ഉപകരണങ്ങൾ, ഫർണീച്ചറുകൾ എന്നിവ സ്റ്റോക്കിലെടുത്തതായി കാണുന്നില്ല.വിശദവിവരം താഴെക്കൊടുക്കുന്നു.

| പ്രൊജക്ടനമ്പർ/ പേര് | വാങ്ങിയ ഉപകരണം | ചെലവഴിച്ച തുക | ബിൽ നമ്പർ/തിയ്യതി | റിമാർക്സ് |
|---|---|---|---|---|
| 6/18-19.പകർച്ചവ്യാധി രോഗപ്രതിരോധ | ഫോഗിൻ മെഷീൻ. രണ്ട് എണ്ണം | 24300 | 21/18-19 തി-25.3.19 | - |

| | | | | |
|---|---|---|---|---|
| പ്രവർത്തനം | | | | |
| 205/18 ആരോഗ്യ സ്ഥാപനങ്ങളിലേക്ക് ഫർണീച്ചർ, ഉപകരണങ്ങൾ വാങ്ങൽ | 12 ഇനം ആശുപത്രി ഉപകരണങ്ങളും ഫർണീച്ചറുകളും | 200000 | 22/18-19 തി 26.3.19 | |
| P.H.C.ക്ക് മൈക്ക് സെറ്റ് | മൈക്ക് സെറ്റ് | 49000 | 20/18-19തി 28.3.19 | |
| ആരോഗ്യസ്ഥാപ നങ്ങളിലേക്ക് മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ | Crash cart- 1 weighing mechene. 3 എണ്ണം | 24747 | 1/18-19 തി.3.5.18 | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ അടവാക്കിയ തുകക്ക് ഉപകരണം ലഭ്യമായോഎന്ന് വ്യക്തമല്ല. കാഷ് ബിൽ ഹാജരാക്കിയിട്ടില്ല |

കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ അടവാക്കിയതുകക്ക് ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ 24747 രൂപയുടെ കാഷ് ബിൽ,മറ്റ് ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ എന്നിവ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## **1-23** ക്ഷീരഗ്രാമം വനിതകൾക്ക് പശുവളർത്തൽ-പ്രൊജക്ട് ലക്ഷ്യം കൈവരിച്ചില്ല. ജില്ലാപഞ്ചായത്ത് വിഹിതം പാഴായി

പ്രൊജക്ട് നമ്പർ- 136/19

വകയിരുത്തിയ തുക- 550000

ചെലവുതുക - 110000 (ബിൽ നമ്പർ 2/18-19 തി 22.3.19-60000

ചെക്ക്നമ്പർ 54175420 തി 23.3.19 -50000

മേൽ പ്രൊജക്ട് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 10 വനിതകൾക്ക് പശുവിനെ വാങ്ങി നൽകുന്നതിനാണ് പ്രൊജക്ട് ലക്ഷ്യമിട്ടിരിക്കുന്നത്. പ്രൊജക്ടിനായി 150000 രൂപ വികസനഫണ്ടും.125000 രൂപ ജില്ലാപഞ്ചായത്ത് വിഹിതവും 275000 രൂപ ഗുണഭോക്തൃ വിഹിതവുമാണ് വകയിരുത്തിയത്. പ്രൊജക്ട് നടത്തിപ്പിനായി ഭരണസമിതി 11 പേരടങ്ങുന്ന ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചുനൽകിയിട്ടുണ്ടെങ്കിലും ആയതിൽ നാല് ഗുണഭോക്താക്കൾക്ക് മാത്രമെ സാമ്പത്തിക വർഷത്തിൽ പശുക്കളെ നൽകിയിട്ടുള്ളു. ആയതിനാൽ ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ വകയിരുത്തി ലഭ്യമായ 125000 രൂപയിൽ 50000രൂപ മാത്രമെ പ്രൊജക്ടിനായി ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളു.വികസന ഫണ്ടിനത്തിൽ 150000 രൂപയിൽ 90000രൂപയും ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ 75000 രൂപയും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. ജില്ലാപഞ്ചായത്ത് വിഹിതം ഇപ്പോഴും പഞ്ചായത്ത് ഫണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ആയത് ചെലവഴിക്കാനുതകുന്ന തരത്തിൽ സ്പിൽ ഓവർ പ്രൊജക്ടായി 2019-20 സാമ്പത്തിക വർഷത്തിൽ പ്രൊജക്ടിന് അംഗീകാരം ലഭ്യമാക്കിയിട്ടില്ല. ഫലത്തിൽ ജില്ലാപഞ്ചായത്ത് വിഹിതതമിനത്തിൽ ലഭിച്ച125000 രൂപയിൽ 75000 രൂപ പാഴായിരിക്കയാണ്.പ്രൊജക്ട് പ്രകാരം വകയിരുത്തിയ തുക പൂർണമായി ചെലവഴിച്ച് ലക്ഷ്യം

കൈവരിക്കാനവശ്യമായ നിർദ്ദേശങ്ങൾ മൃഗസംരക്ഷണവും ക്ഷീരവികസനവും വർക്കിംഗ് ഗ്രൂപ്പ്, മേൽനോട്ട ചുമതലയുള്ള വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി എന്നവ നിർവഹണ ഉദ്യോഗസ്ഥന് നൽകിക്കാണുന്നില്ല.വകയിരുത്തിയ തുക ചെലവഴിക്കാതെ ലഭ്യമായഫണ്ട് നഷ്ടമായതിന് മറുപടിലഭ്യമാക്കേണ്ടതാണ്.

## 1-24 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി - രേഖകൾ ലഭ്യമാക്കിയില്ല.

പ്രൊജക്റ്റ് നം. 177/19(SO)

വകയിരുത്തൽ - 75800(ടി.എസ്.പി)

24200(തനത്)

--------------------

1000000

ചെലവ് - 39542 (ബിൽ നം. 8/31.1.19)

10458 (ചെക്ക് നം. 1898474/22.1.19)

13742(ചെക്ക് നം. 691914/20.3.19)

63742

ഗുണഭോക്താക്കളായ ശ്രീ ചന്ദ്രൻ എളമ്പയിൽ(F/o സാന്ദ്ര ചന്ദ്രൻ - പത്താം ക്ലാസ്സ്), ശ്രീമതി ഗീത ഗിരീശൻ (M/o ജ്യൂവൽ ശ്യാം - മൂന്നാം ക്ലാസ്സ്) എന്നിവർക്ക് 2017-18,2018-19 വർഷങ്ങളിലെ പ്രൊജക്ടുകൾ പ്രകാരം നല്കിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

ശ്രീ ചന്ദ്രൻ എളമ്പയിൽ - 50000(17-18) + 39542 +10458(18-19) = 100000/-

ശ്രീമതി ഗീത ഗിരീഷൻ - 50000(17-18)+ 13742(18-19) = 63742. (ബാക്കി 36258 രൂപ 2019-20 ൽ നല്കി)

പ്രാജക്റ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട് ഫയൽ പരിശോധിച്ചതിൽ താഴെ ചേർത്ത അപാകതകൾ കാണുന്നു.

1. 2018-19 വർഷം തനത് ഫണ്ടിൽ നിന്നും ശ്രീ ചന്ദ്രന് കൈമാറിയ 10458രൂപ, ശ്രീമതി ഗീത ഗിരീഷന് കൈമാറിയ 13742 രൂപ എന്നിവയ്ക്ക് കൈപ്പറ്റ് രശീതി/ഫണ്ട് വ്യക്തിഗത അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തത് ഉറപ്പിക്കുന്ന BIMS ക്രഡിറ്റ് സ്റ്റാറ്റസ് രേഖ ലഭ്യമാക്കിയിട്ടില്ല.

2. മേൽ ചേർത്ത ഗുണഭോക്താക്കളുടെ മക്കൾക്ക് പട്ടിക വർഗ്ഗവകുപ്പിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ലെന്ന് വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 163742രൂപ തടസ്സത്തിൽ വെക്കുന്നു

## 1-25 പൊതു ടാപ്പുകൾക്ക് വെള്ളക്കരം - സംയുക്ത പരിശോധന നടന്നില്ല.

ഗ്രാമ പഞ്ചായത്തിലെ 77 പൊതു വാട്ടർ ടാപ്പുകൾക്കാണ് കേരള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം തൻവർഷം വെള്ളക്കരം ഒടുക്കിയത്. ഒരു ടാപ്പിന് ഒരു വർഷത്തേക്ക് 5250 രൂപ നിരക്കിൽ 77 ടാപ്പുകൾക്ക് പ്രതിമാസം 33688 രൂപയാണ് പ്രതിമാസ വാട്ടർ ചാർജ്ജ്. ആയത് പ്രകാരം, 3/18 മുതൽ 2/19 വരെയുള്ള മാസങ്ങളിലെ വെള്ളക്കരം ഇനത്തിൽ 2018-19 വർഷം ആകെ 404256/- രൂപ ചെലവഴിച്ചു. പൊതു ടാപ്പ് രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 68 പൊതുടാപ്പുകളുടെ വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2013-14 വർഷം 68 ടാപ്പുകൾക്ക് തുക ഒടുക്കിയതിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിനുശേഷമുള്ള വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസിലെ അധിക ടാപ്പുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ ആകെ പൊതുടാപ്പുകൾ, സ്ഥിതിചെയ്യുന്ന സ്ഥലം, പ്രവർത്തനക്ഷമമായവ തുടങ്ങിയ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഇത്

സാധ്യമാക്കുന്നതിന്, കേരളവാട്ടർ അതോറിറ്റി അധികൃതരും, പഞ്ചായത്ത് അധികൃതരും ചേർന്നുള്ള സംയുക്ത പരിശോധന അടിയന്തരമായി പൂർത്തിയാക്കേണ്ടതുണ്ട്. ഈ ആവശ്യം അറിയിച്ചുകൊണ്ട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 29.5.2017, 30.1.18 തീയ്യതികളിൽ വടകര പബ്ലിക്ക് ഹെൽത്ത് ഡിവിഷൻ എക്സി. എഞ്ചിനീയർക്ക് കത്തയച്ചിട്ടുണ്ട്. 30.1.18 ലെ കത്തിൽ പരിശോധന നടത്തുന്നതിന് 14.2.18 തീയ്യതി സൗകര്യപ്പെടുമെന്ന വിവരവും അറിയിച്ചിട്ടുണ്ടെങ്കിലും തുടർ നടപടികളുണ്ടായിട്ടില്ല. ശേഷം രണ്ടുവർഷം കഴിഞ്ഞ് 17.2.2020 ലാണ് വീണ്ടും സംയുക്തപരിശോധന ആവശ്യപ്പെട്ടുകൊണ്ട് എ3/1236/17 നമ്പരിൽ സെക്രട്ടറി കെ.ഡബ്ല്യൂ.എക്ക് കത്ത് നല്കിയത്. എന്നാൽ നാളിതുവരെ തുടർനടപടി ഉണ്ടായിട്ടില്ല. പ്രവർത്തനക്ഷമമായ വാട്ടർ ടാപ്പുകൾക്ക് മാത്രം കരമൊടുക്കുന്നു എന്ന് ഉറപ്പുവരുത്താൻ നിലവിൽ സാധിക്കാത്ത അവസ്ഥയാണ്.

അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് സംയുക്ത പരിശോധനപൂർത്തിയാക്കുന്നതിന് നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്. സമഗ്രമായ വിവരങ്ങൾ ചേർത്ത് രജിസ്റ്റർ കാലികമാക്കേണ്ടതും പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രം കരം ഒടുക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-26 തെരുവുവിളക്കുകൾ - കൃത്യവും സമഗ്രവുമായ വിവരങ്ങൾ ലഭ്യമല്ല.

2018-19 വർഷം, തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇത്തിലെ ഒടുക്കു വിവരം താഴെ ചേർക്കുന്നു.

| എണ്ണം | മാസം | തുക | വൗച്ചർ നം. |
|---|---|---|---|
| 17 | 3/18 | 27475 | 21800045/12.4.18 |
| 13 | 4/18 | 25918 | 21800119/14.5.18 |
| 14 | 5/18 | 24615 | 21800163/7.6.18 |
| 22 | 6/18 | 26349 | 21800218/16.7.18 |
| 18 | 7/18 | 25663 | 21800270/20.8.18 |
| 20 | 8/18 | 28377 | 21800331/17.9.18 |
| 20 | 9/18 | 29435 | 21800391/5.10.18 |
| 20 | 10/18 | 30528 | 21800473/12.11.18 |
| 20 | 11/18 | 30862 | 21800534/17.12.18 |
| 20 | 12/18 | 32166 | 21800594/11.1.18 |
| 20 | 1/19 | 27990 | 21800681/13.2.18 |
| 20 | 2/19 | 26628 | 21800881/15.3.18 |

| | | |
|---|---|---|
| ആകെ | 336006 | |

2012-13 മുതലുള്ള വിവിധ വർഷങ്ങളിലെ പ്രൊജക്റ്റുകൾ പ്രകാരം വാങ്ങി വിവിധ വാർഡുകളിൽ സ്ഥാപിച്ച തെരുവു വിളക്കുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വിവരം മാത്രം രേഖപ്പെടുത്തിയ ഒരു രജിസ്റ്ററാണ് തെരുവുവിളക്ക് രജിസ്റ്റർ എന്ന പേരിൽ ഓഡിറ്റിന് ലഭ്യമാക്കിയത്. രേഖപ്പെടുത്തലുകൾ ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയതായും കാണുന്നില്ല. ഗ്രാമ പഞ്ചായത്തിലെ ആകെ തെരുവുവിളക്കുകൾ,, സ്ഥാപിച്ച സ്ഥലങ്ങൾ, ഹൈമാസ്റ്റ്/എൽ.ഇ.ഡി തുടങ്ങിയ വിവരങ്ങൾ, കണക്റ്റഡ് ലോഡ്, നിലവിൽ പ്രവർത്തന ക്ഷമമായവ, മീറ്റർ സമ്പ്രദായത്തിലുള്ളവ, അൺമീറ്റേർഡ് രീതിയിൽ പ്രവർത്തിക്കുന്നവ, പ്രവർത്തനക്ഷമമല്ലാത്തവ തുടങ്ങിയ വിവരങ്ങൾ ലഭ്യമാകുന്ന രീതിയിൽ രജിസ്റ്റർ സമഗ്രമായി തയ്യാറാക്കിയിട്ടില്ല. കല്ലാച്ചി, പാറക്കടവ് വൈദ്യുതി ഓഫീസുകളുടെ പരിധിയിലാണ് ഗ്രാമ പഞ്ചായത്തിലെ തെരുവുവിളക്കുകളുള്ളത്. കെ.എസ്.ഇ.ബി അധികൃതരുടെയും പഞ്ചായത്ത് അധികൃതരുടെയും സംയുക്ത പരിശോധന നടത്തി മേൽ ചേർത്ത രീതിയിലുള്ള സമഗ്രമായ വിവരങ്ങളടങ്ങിയ റിപ്പോർട്ട് പ്രകാരമുള്ള വിവരങ്ങൾ ഗ്രാമ പഞ്ചായത്തിൽ തയ്യാറാക്കേണ്ടതുണ്ട്. പ്രവർത്തനക്ഷമമായവയ്ക്ക് മാത്രമുള്ള ചാർജ്ജ് മാത്രമെ ചെലവഴിക്കപ്പെടുന്നുള്ളൂ ( പ്രത്യേകിച്ച് മീറ്റർ സമ്പ്രദായത്തിലല്ലാത്ത തെരുവു വിളക്കുകളുടെ കാര്യത്തിൽ ) എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-27 ഗ്രൂപ്പ് ഇൻഷൂറൻസ് സ്കീം വിഹിതം - നിയമാനുസൃതമുള്ള തുക റിക്കവറി നടത്തിയില്ല.

ജി.ഓ(പി) 112/2016/ധന തീയ്യതി 1.8.16 ഉത്തരവ് പ്രകാരം ഗ്രൂപ്പ് ഇൻഷൂറൻസ് സ്കീമിലേക്ക് 1.9.2017 മുതൽ ഒടുക്കേണ്ട വിഹിതം പരിഷ്കരിച്ചിട്ടുണ്ട്. ഉത്തരവ് പ്രകാരം 17000-37500 മുതൽ 37500 - 75600 വരെ സ്കെയിലിൽ ശമ്പളം വാങ്ങുന്ന ജീവനക്കാർ (ഗ്രൂപ്പ് സി) 400 രൂപയാണ് പ്രതിമാസം ജി.ഐ.എസ് മിനിമം തുക ഒടുക്കേണ്ടത്. കോഴിക്കോട് പഞ്ചായത്ത് ഡെ.ഡയറക്ടറുടെ എ3/777/17 തീയ്യതി 10.1.18 ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ റജുലാൽ എം.പി യുടെ 1.7.2017 മുതലുള്ള ശമ്പളം 36600 - 79200 സ്കെയിലിൽ 48000 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ശ്രീ റജുലാൽ ഗ്രാമ പഞ്ചായത്തിൽ തൻ വർഷം സേവനമനുഷ്ഠിച്ച 3/18 മുതൽ 8/2018 മാസം വരെയുള്ള ശമ്പള ബില്ലുകൾ പരിശോധിച്ചതിൽ, 200 രൂപ വീതമാണ് ഗ്രൂപ്പ് ഇൻഷൂറൻസ് സ്കീമിലേക്ക് ശമ്പളത്തിൽ നിന്നും റിക്കവറി നടത്തിയിട്ടുള്ളത്. അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-28 ചെക്യാട് ഗ്രാമപഞ്ചായത്ത് സാംസ്കാരിക നിലയം ലൈബ്രറി -പ്രവർത്തിക്കുന്നില്ല

ചെക്യാട് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഗ്രാമപഞ്ചായത്ത് ഓഫീസിന് സമീപം പ്രവർത്തിക്കുന്ന വൈക്കം മുഹമ്മദ് ബഷീർ മെമ്മോറിയൽ വായനശാല അടഞ്ഞുകിടക്കുന്നതായി 17.03.2020 തിയ്യതിയിൽ നേരിട്ട് സന്ദർശിച്ചതിൽ ബോധ്യപ്പെട്ടു. കൂടുതൽ വിവരങ്ങൾ ആരാഞ്ഞതിൽ സ്ഥാപനം 3 വർഷത്തോളമായി പ്രവർത്തിക്കുന്നില്ലെന്നും ലൈബ്രറി കെട്ടിടത്തിൽ കുടുംബശ്രീ ഓഫീസ്, എൻ.ആർ.എച്ച്.എം ആയുർവ്വേദ ഡിസ്പെൻസറി,അസി.എഞ്ചിനീയർ ഓഫീസ് എന്നിവയാണ് പ്രവർത്തിക്കുന്നത് എന്നും ബോധ്യപ്പെട്ടു.പുസ്തകത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കാത്തതിനാൽ പുസ്തകങ്ങളുടെ എണ്ണം സംബന്ധിച്ച വിവരം ലഭ്യമായിട്ടില്ല. ലൈബ്രറി പ്രവർത്തിക്കാത്തതിനാൽ പുസ്തകങ്ങൾ ആർക്കും ഉപകരിക്കാതെ നശിക്കുന്ന അവസ്ഥയിലാണ്.ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് പ്രതിമാസം തുക അടവാക്കി ദിനപത്രം ലഭ്യമാക്കിയിരുന്നെങ്കിലും പൊതുജനങ്ങൾക്ക് വായിക്കുന്നതിനുള്ള സൌകര്യം ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ലൈബ്രറി തുറന്നുപ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-29 കോസ്റ്റ് ഇൻഡക്സിൽ വന്ന മാറ്റം എസ്റ്റിമേറ്റിൽ പ്രതിഫലിച്ചില്ല – പഞ്ചായത്ത് ഫണ്ടിന് നഷ്ടം

പി.ഡബ്ല്യൂ.ഡി ചീഫ് എഞ്ചിനീയറുടെ 19.09.2017 ലെ CE/Admn/PLA/EMP/1014(a)/05 പ്രകാരം 1.10.2017 മുതൽ കോഴിക്കോട്,വടകര, നാദാപുരം മേഖലകളിൽ ബാധകമാക്കിക്കൊണ്ട് കോസ്റ്റ് ഇൻഡക്സ് പുനർ നിർണ്ണയിച്ചിട്ടുണ്ട്. ആയത് യഥാക്രമം 37.25%, 38.24%, 39.22% എന്നിങ്ങനെയാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ച ചില സ്പിൽഓവർ പ്രവർത്തികളിൽ പഴയ നിരക്കായ 42.16% കോസ്റ്റ് ഇൻഡക്സ് നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവർത്തികൾ ഏൽപ്പിച്ചുകൊടുത്തിരിക്കുന്നത് പ്രാബല്യതീയതി കഴിഞ്ഞാണ്. ആയതിനാൽ കോസ്റ്റ് ഇൻഡക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തണമായിരുന്നു. 1.10.2017നു ശേഷം കരാർ ചമച്ച്, പ്രവർത്തി ഏറ്റെടുത്ത് പൂർത്തിയാക്കിയതും 39.22%നു പകരം 42.16% കോസ്റ്റ് ഇൻഡക്സിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതുമായ താഴെപ്പറയുന്ന പ്രോജക്ടുകളിൽ അധികതുക കരാറുകാർക്ക് അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രവർത്തി | കരാർ തീയതി | ആകെ ചെലവ് (രൂ.) | അവസാന ബിൽ വിവരം | പ്രവർത്തി പൂർത്തീകരിച്ച തീയതി |
|---|---|---|---|---|---|
| 1 | 188/18-19 – കുളമുള്ളതിൽമുക്ക്-വാഴയിൽ മുക്ക് റോഡ് പൂർത്തീകരണം | 07.02.18 | 795764 | രൂ.782012 ബിൽ നം.4/18-19, തീ.20.6.18 | 25.03.2018 |
| 2 | 161/18-19 – പാലോറ ബൈപ്പാസ് റോഡ് പരിഷ്കരണം | 31.01.18 | 600000 | രൂ.593000 ബിൽ നം.2/18-19, തീ.20.6.18 | 17.03.2018 |
| 3 | 162/18-19 – വടകരക്കാരന്റവിട വട്ടച്ചാം കാവിൽ റോഡ് ടാറിംഗ് | 07.03.18 | 363721 | രൂ.363721 ബിൽ നം.3/18-19, തീ.26.6.18 | 20.03.2018 |
| 4 | 189/18-19 – കന്നോത്ത്-കടോളി കടവ് പാലം റോഡ് റിടാറിംഗ് | 31.03.18 | 499146 | രൂ.445000 ബിൽ നം.6/18-19, തീ.29.9.18 | 14.05.2018 |

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-30 മരാമത്ത് പ്രവർത്തികളിലെ കരാർ ചമക്കൽ - അപാകതകൾ

സ്ഥാപനത്തിലെ മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് കോൺട്രാക്ടർമാരുമായി ചമച്ച കരാറുകളിൽ താഴെപ്പറയുന്ന അപാകതകൾ വന്നിട്ടുണ്ട് :

1. കരാറുകളിൽ പ്രവർത്തന കലണ്ടർ ലഭ്യമല്ല. ജി.ഓ(എം.എസ്)72/2017/ത.സ്വ.ഭ.വ, തീയതി 29.03.17,

ഖണ്ഡിക14.7 പ്രകാരം കരാറിനോടൊപ്പം സമർപ്പിക്കേണ്ട സമയപ്പട്ടിക ഉൾപ്പെടുത്തിയിട്ടില്ല.

2. മേൽ ഉത്തരവിലെ ഖണ്ഡിക 14.8 പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരണ പത്രം തയ്യാറാക്കിയിട്ടില്ല.

3. മേൽപ്പറഞ്ഞ ഉത്തരവിലെ ഖണ്ഡിക 14.6(1),(3) പ്രകാരം മോണിറ്ററിംഗ്, സോഷ്യൽ ഓഡിറ്റ് എന്നിവ നടത്തിയതിന്റെ വിവരം ലഭ്യമല്ല.

4. ജി. ഒ(പി)13/2012/പി.ഡബ്ള്യൂ.ഡി, തീയതി 01.02.2012 സെക്ഷൻ 2112, 2112-1 പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കകം പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ കരാറുകാരനിൽ നിന്നും പിഴ ഈടാക്കേണ്ടതാണ്. എന്നാൽ കരാറിനോടൊപ്പം പ്രവർത്തി പൂർത്തീകരണ തീയതി ഉൾപ്പെടുത്താത്ത സാഹചര്യത്തിൽ ഇത് സാധ്യമാകുന്നില്ല.

5. കരാറുകളുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ :

| പ്രവൃത്തിയുടെ നം./പേര് | കരാർ നം./തീയതി | അപാകത |
|---|---|---|
| 94/18-19-പില്ലാണ്ടിമുക്ക്-തീക്കുന്നമ്മൽമുക്ക് റോഡ് ടാറിംഗ് | ഇല്ല | നമ്പരും തീയതിയും ഇല്ലാതെ കരാർ ചമച്ചിരിക്കുന്നു |
| 111/18-19-ഉളുവൻകുന്നുമ്മൽ മുക്ക് ചെടിയാലയിൽ റോഡ് | 71/18-19 /13.12.19 | എഗ്രീമെന്റ് രജിസ്റ്റർ പ്രകാരം കരാർ തീയതി 13.02.19 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു |
| - ടി - | -ടി - | AS & TS പ്രകാരമുള്ള എസ്റ്റിമേറ്റ് തുക 440000/- ആണ്. എന്നാൽ എഗ്രീമെന്റ് രജിസ്റ്റർ പ്രകാരം 400000/- ആണ് രേഖപ്പെടുത്തിയിരിക്കുന്നത് |
| 88/18-19-കീറിയപറമ്പത്ത്-പഞ്ചായത്ത് കിണർ റോഡ് റീടാറിംഗ് | 44/18-19 /8.10.18 | AS & TS പ്രകാരമുള്ള എസ്റ്റിമേറ്റ് തുക 350000/- ആണ്. എന്നാൽ എഗ്രീമെന്റ് രജിസ്റ്റർ പ്രകാരം 360000/- ആണ് രേഖപ്പെടുത്തിയിരിക്കുന്നത് |
| 90/18-19-മണിമൂട്ടിന്റവിട ആയേന്റപറമ്പ് അമ്മംപാറയിൽ റോഡ് ടാറിംഗ് | 47/18-19 /8.10.18 | കരാറിന്റെ ആരംഭത്തിൽ കൊടുത്തിരിക്കുന്ന തീയതി 18.10.2018 ആണ് |
| 71/18-19-കൊടപ്പള്ളി തങ്കയംകുറ്റി മുക്ക് റോഡ് ടാറിംഗ് | 1/18-19 | കരാറിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. എഗ്രിമെന്റ് രജിസ്റ്ററിൽ തീയതി 11.09.2018 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ മുദ്രപത്രം വാങ്ങിയ തീയതി 19.09.2018 ആണ്. |

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-31 മരാമത്ത് പ്രവർത്തികൾ - നിർവ്വഹണം സംബന്ധിച്ച ഫയലുകളിൽ

### ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നില്ല

സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ മരാമത്ത് പ്രവർത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ, പല ഫയലുകളിലും ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നില്ല എന്ന് കണ്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

1. <u>പ്രിലിമിനറി/ഡീറ്റെയിൽഡ് എസ്റ്റിമേറ്റിന്റെ കൂടെ അടിസ്ഥാന രേഖകളില്ല</u>

കേരളാ പൊതുമരാമത്ത് വകുപ്പ് മാന്വൽ ജി.ഒ(പി)13/2012/പി.ഡബ്ല്യൂ.ഡി തീ.01.02.2012 പാർട്ട് 2 സെക്ഷൻ 1601.1.1, 1601.1.2 എന്നിവ പ്രകാരം പ്രിലിമിനറി/ഡീറ്റെയിൽഡ് എസ്റ്റിമേറ്റിന്റെ കൂടെ പ്രവർത്തിയുടെ സ്പെസിഫിക്കേഷൻ, ആവശ്യകത എന്നിവ ഉൾപ്പെടെ പ്രവർത്തിയുടെ തൃപ്തികരമായ പൂർത്തീകരണത്തിനാവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തണം. ഇങ്ങനെ തയ്യാറാക്കി സമർപ്പിക്കേണ്ട അടിസ്ഥാന രേഖകളിൽ സൈറ്റ് കണ്ടീഷൻ, സൈറ്റ് പ്ലാൻ, ലേ ഔട്ട്, ഡ്രോയിംഗ്, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ ഉൾപ്പെടുന്നു. ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷം നടപ്പിലാക്കിയ പല പൊതുമരാമത്ത് പദ്ധതികളുടെയും എസ്റ്റിമേറ്റിന്റെ കൂടെ, പ്രത്യേകിച്ച് സ്പിൽഓവർ പ്രവർത്തികളുടെ കാര്യത്തിൽ പലതിലും, മേൽ പറഞ്ഞ രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല.

2. പ്രവർത്തിയെ സംബന്ധിച്ച് കൃത്യമായ ചിത്രം ലഭിക്കുന്നതും അതനുസരിച്ച് സാങ്കേതികാനുമതി ലഭ്യമാക്കുന്നതും വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ പല പ്രവർത്തി ഫയലുകളിലും എസ്റ്റിമേറ്റ് റിപ്പോർട്ട് ലഭ്യമല്ല. 2012ലെ പുതുക്കിയ പി.ഡബ്ല്യൂ.ഡി മാന്വലിൽ സെക്ഷൻ 1601.1.2(ii)ൽ പുതിയ പ്രവർത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിന്റെ കാര്യവും സെക്ഷൻ 2601 മുതലുള്ള ഭാഗത്ത് മെയിന്റനൻസ് പ്രവർത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിന്റെ കാര്യവും പ്രതിപാദിക്കുന്നു. എന്നാൽ പ്രധാനമായും റോഡ് പ്രവർത്തികളുടെ കാര്യത്തിൽ ഈ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. താഴെ പറയുന്ന കാര്യങ്ങളിൽ വ്യക്തത ഈ റിപ്പോർട്ടുകൾ നല്കുന്നില്ല:

i) റോഡുകളുടെ ആകെ നീളവും, എവിടെ ആരംഭിക്കുന്നെന്നും അവസാനിക്കുന്നെന്നുമുള്ള വിവരങ്ങൾ

ii) അറ്റകുറ്റപ്പണിയാണെങ്കിൽ പ്രവർത്തി നടത്താൻ ഉദ്ദേശിക്കുന്ന റോഡിന്റെ നിലവിലെ അവസ്ഥ

iii) പുതിയ നിർമ്മിതിയാണെങ്കിൽ ഇതിന്റെ ആവശ്യകതയും ഫീസിബിലിറ്റിയും

iv) പ്രവൃത്തി നടത്താൻ ഉദ്ദേശിക്കുന്ന റോഡിൽ സമീപകാലത്ത് നടത്തിയ പ്രവർത്തികളുടെ വിവരം (ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകൾ നടത്തിയവ ഉൾപ്പെടെ)

v) പുതിയ നിർമ്മിതിയാണെങ്കിൽ ആവശ്യമായ സ്ഥലം വിട്ടുകിട്ടിയത് സംബന്ധിച്ച വിവരങ്ങൾ

vi) പ്രവർത്തി പൂർത്തിയാക്കാനുദ്ദേശിക്കുന്ന കാലയളവ്

3.ഫയലുകളിൽ സെലക്ഷൻ നോട്ടീസ്,പ്രവർത്തികൾക്കായി സൈറ്റ് കൈമാറൽ, പൂർത്തീകരണത്തിനുശേഷം സൈറ്റ് തിരികെ കൈമാറൽ എന്നിവ സംബന്ധിച്ച രേഖകൾ ലഭ്യമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-32 മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിൽ വീഴ്ച- തുക പാഴാകുന്നു

2018-19 സാമ്പത്തിക വർഷത്തിൽ ആകെ 99 പദ്ധതികളാണ് അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കാൻ അനുമതി വാങ്ങിയിട്ടുള്ളത്. ഇതിൽ 72 പുതിയ പദ്ധതികളും 27 സ്പിൽഓവർ പദ്ധതികളും ഉൾപ്പെടുന്നു. ആയതിലേക്ക് വിവിധ ഫണ്ടുകളിൽനിന്നായി 4.14 കോടി രൂപ വകയിരുത്തിയതിൽ 2.74 കോടി രൂപയാണ് ഓഡിറ്റ് വർഷം ചെലവഴിച്ചത് (66.23%). പുതിയ പ്രോജക്ടുകളിൽ 17 എണ്ണത്തിന് തുകയൊന്നും വിനിയോഗിക്കാൻ കഴിയാതെ വന്നപ്പോൾ സ്പിൽഓവർ പ്രോജക്ടുകളുടെ കാര്യത്തിൽ ഇത് 8 എണ്ണമാണ്. ജി.ഒ.(എം.എസ്)72/17, തീ.29.3.17, ഖണ്ഡിക 6.8 പ്രകാരം സ്പിൽഓവർ പ്രോജക്ടുകൾ സ്പിൽഓവർ ആയ വർഷത്തിൽ തന്നെ പൂർത്തീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ 8 പദ്ധതികൾക്ക് തുടർ വർഷത്തിൽ തുക വകയിരുത്താൻ സാധിക്കാത്ത അവസ്ഥ സംജാതമായിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ സമയബന്ധിതമായ പ്രവർത്തനങ്ങളുടെ അഭാവമാണ് ടി അപാകതക്ക് കാരണം എന്ന് രേഖകൾ വ്യക്തമാക്കുന്നു. വാർഷിക പദ്ധതികൾക്ക് ഡി.പി.സി അംഗീകാരം ലഭിച്ചതിന് ശേഷം എസ്റ്റിമേറ്റ്

തയ്യാറാക്കുന്നതുവരെ വന്ന കാലതാമസം, സാങ്കേതികാനുമതി ലഭിച്ച പദ്ധതികൾ കരാറുകാരെ/നിർവ്വഹണ ഏജൻസിയേ ഏൽപ്പിക്കുന്നതിൽ വന്ന കാലതാമസം എന്നിവയാണ് മേൽ സാഹചര്യത്തിന് പ്രധാന കാരണങ്ങൾ. അടങ്കൽ തുക ചെറുതാകുന്നത് കാരണം ടെണ്ടറുകളിൽ മത്സരം ഉറപ്പ് വരുത്താൻ കഴിയാത്ത സാഹചര്യം സംജാതമാകുന്നുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

പ്രോജക്ടുകളുടെ ആസൂത്രണത്തിലും സമയബന്ധിതമായ നിർവ്വഹണം ഉറപ്പ് വരുത്തുന്നതിനും ഉത്തരവാദിത്തപ്പെട്ടത് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. എന്നാൽ നിർവ്വഹണം സമയബന്ധിതമാണോയെന്നും സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കപ്പെട്ടുമോ എന്നതും കമ്മിറ്റി വിലയിരുത്തിക്കാണുന്നില്ല. കൂടാതെ നിർവ്വഹണത്തിന് തടസ്സമാകുന്ന കാര്യങ്ങൾ ചർച്ച ചെയ്യുകയോ ആവശ്യമായ നിർദ്ദേശങ്ങൾ നിർവ്വഹണോദ്യോഗസ്ഥന് നല്കുകയോ ചെയ്യുന്നില്ല. ഒരു യോഗത്തിലും നിർവ്വഹണം വേഗത്തിലാക്കാനും സമയപരിധി നിർദ്ദേശിക്കാനും കമ്മിറ്റി ശ്രമിച്ചിട്ടില്ല. ഡി.പി.സി അംഗീകാരം മുതൽ പ്രോജക്ടുകളുടെ നിർവ്വഹണം വരെയുള്ള വിവിധ ഘട്ടങ്ങളിൽ നിരന്തരമായി ഇടപെട്ടിരുന്നെങ്കിൽ മേൽപ്പറഞ്ഞ തരത്തിലുള്ള കാലവിളംബവും അതുവഴിയുള്ള ധനനഷ്ടവും ഒഴിവാക്കാമായിരുന്നു.

നിർവ്വഹണത്തിലെ വീഴ്ചമൂലം സ്ഥാപനത്തിനുണ്ടായ ധനനഷ്ടത്തിന് വിശദീകരണം നൽകേണ്ടതാണ്. അപാകത ഭാവിയിൽ ഒഴിവാക്കാൻ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാവുന്നതാണ് :

1. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം തെരെഞ്ഞെടുക്കപ്പെടുന്ന പ്രോജക്ടുകൾ പ്രാധാന്യമനുസരിച്ച് നിർവ്വഹണത്തിന് മുൻതൂക്കം കൊടുക്കേണ്ടതും അവ എല്ലാ തരത്തിലും പൂർണ്ണമായിരിക്കേണ്ടതുമാണ്. പരിമിതമായ ഫണ്ട് വകയിരുത്തി അപൂർണ്ണമായി പ്രോജക്ടുകൾ തയ്യാറാക്കുന്നത്, ലക്ഷ്യപ്രാപ്തി കൈവരിക്കാൻ തടസ്സമാകുന്നതിനൊപ്പം പ്രോജക്ടുകളുടെ എണ്ണം കൂടുന്നതിനും ആത്യന്തികമായി ധനനഷ്ടത്തിനും ഇടയാക്കും.

2. പഞ്ചായത്തിന് ലഭ്യമായ ധന-മനുഷ്യ വിഭവങ്ങൾക്ക് അനുസൃതമായി പ്രോജക്ടുകളുടെ എണ്ണം നിയന്ത്രിക്കേണ്ടതാണ്.

3. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി, നിയമങ്ങളും ചട്ടങ്ങളും തങ്ങളിലേൽപ്പിച്ച ചുമതലകൾ തിരിച്ചറിഞ്ഞ് ഇടപെടലുകൾ നടത്തേണ്ടതും, ആസൂത്രണം മുതൽ പദ്ധതി നിർവ്വഹണം വരെയുള്ള സമയബന്ധിതമായ പ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ടതുമാണ്.

അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കി പരാമർശം ഒഴിവാക്കാവുന്നതാണ്.

## 1-33 ലൈഫ് മിഷൻ - സമ്പൂർണ്ണ ഭവന പദ്ധതി

2017 മുതൽ 2021 വരെയുള്ള 13ാം പഞ്ചവത്സപദ്ധതി കാലത്ത് ഭവന രഹിതരായ പാവപ്പെട്ടവർക്ക് എല്ലാവർക്കും സ്വന്തമായി വാസയോഗ്യമായ ഭവനം ഉറപ്പു വരുത്തുന്നതാണ് ലൈഫ് പാർപ്പിട പദ്ധതി. ലൈഫ് ഭവന പദ്ധതി രൂപീകരണം, ഗുണഭോക്താക്കളെ നിശ്ചയിക്കൽ, നിർവ്വഹണം എന്നിവ സംബന്ധിച്ച് 31.7.2017 ലെ സ.ഉ(എം.എസ്)നം. 151/2017/തസ്വഭവ ഉത്തരവിൽ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നീതിയുക്തമായും പരാതിരഹിതമായും നാലു വിഭാഗങ്ങളിലുള്ള ഗുണഭോക്താക്കളെ കണ്ടെത്തുകയും പ്രൊജക്ടുകൾ തയ്യാറാക്കി ഭവന നിർമ്മാണത്തിന് ധനസഹായം നല്കുകയുമാണ് ചെയ്യേണ്ടത്. ലൈഫ് പാർപ്പിട പദ്ധതി പ്രകാരം ഗുണഭോക്താക്കളെ കണ്ടെത്തേണ്ടത് താഴെ ചേർത്ത വിഭാഗങ്ങളിലായാണ്.

1. വാസയോഗ്യമല്ലാത്ത വീടുകളുള്ള നിർധന കുടുംബങ്ങൾ

2.പണി പൂർത്തിയാകാത്ത വീടുകളുള്ള കുടുംബങ്ങൾ

3. സ്വന്തമായി ഭൂമിയുള്ള ഭവന രഹിത കുടുംബങ്ങൾ

4. ഭൂ രഹിത – ഭവന രഹിത കുടുംബങ്ങൾ

ഗ്രാമ പഞ്ചായത്തിൽ ലൈഫ് പാർപ്പിട പദ്ധതി പ്രകാരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 2017-18, 2018-19 വർഷങ്ങളിൽ പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

**ഒന്നാം ഘട്ടം – പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം**

| പ്രൊജക്റ്റ് നം | ഗുണഭോക്താക്കളുടെ എണ്ണം | വർഷം | വകയിരുത്തൽ | ചെലവ് | അഭിപ്രായം |
|---|---|---|---|---|---|
| 197/18പൊതുവിഭാഗം | 13 | 2017-18 | 983786 | 683786 | 6പേർ പൂർത്തിയാക്കാൻ ബാക്കി |
| 153/19(SO)<br>199/19(N) | | 2018-19 | 300000<br>1255048(അധിക വിഹിതം വകയിരുത്തിയത) | 300000<br>1255048 | എല്ലാ ഗുണഭോക്താക്കളും പണി പൂർത്തിയാക്കി |
| 200/18<br>137/19<br>പട്ടി<br>ക വർഗ്ഗം | 1 | 2017-18<br>2018-19 | 600000<br>340000 | 260000<br>216000 | 2019-20ൽ പണി പൂർത്തീകരിച്ച |
| 199/18<br>143/19<br>201/19<br>പട്ടിക ജാതി | 1 | 2017-18<br>2018-19<br>2018-19 | 40000<br>25000<br>120000 | 15000<br>25000<br>120000 | 2018-19ൽ പണി പൂർത്തിയാക്കി |
| | | | | | |

**രണ്ടാം ഘട്ടം - ലൈഫ് സമ്പൂർണ്ണ സുരക്ഷാ പാർപ്പിട പദ്ധതി**

| പ്രൊജക്റ്റ് നം | ഗുണഭോക്താക്കളുടെ എണ്ണം | വർഷം | വകയിരുത്തൽ | ചെലവ് | അഭിപ്രായം |
|---|---|---|---|---|---|
| 19/19പൊതു വിഭാഗം | 22 | 2018-19 | 8800000<br>(4840000രൂപ ഹഡ്കോ വായ്പ) | 5600000<br>(3280000രൂപ ഹഡ്കോ വായ്പ | കരാർ വെച്ച 22 വീടുകളും 19-20 ൽ പൂർത്തീകരിച്ചു |
| 60/19പട്ടിക വർഗ്ഗം | 1 | 2018-19 | 600000 | 468258 | 19-20 ൽ വീട്ട പണി പൂർത്തീകരിച്ച. |

ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലും ആനുകൂല്യത്തിനായി കരാർ വെച്ച എല്ലാ ഗുണഭോക്താക്കളും 2019-20 ലായി പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഭൂരഹിത ഭവന രഹിത കുടുംബങ്ങൾക്കുള്ള 3ാംഘട്ടം ലൈഫ് പദ്ധതി നടപ്പാക്കിയിട്ടില്ല. എല്ലാ പാവപ്പെട്ടവർക്കും വാസയോഗ്യമായ ഭവനം എന്ന ലൈഫ് പദ്ധതി ലക്ഷ്യം 2021 ആകുമ്പോഴേക്കും നേടുന്നതിന് പദ്ധതി പ്രകാരമുള്ള എല്ലാ ഗുണഭോക്താക്കളെയും നിർണയിച്ച് പ്രൊജക്ടുകൾ വിഭാവനം ചെയ്ത് നടപ്പാക്കേണ്ടതുണ്ട്.

## 1-34 ക്ലീൻ ചെക്യാട് 2018-19

ഗ്രാമപഞ്ചായത്തിൽ മാലിന്യ സംസ്കരണം ലക്ഷ്യം വെച്ചുകൊണ്ട് ക്ലീൻ ചെക്യാട് എന്ന പേരിലാണ് പ്രവർത്തനങ്ങൾ നടത്തിവരുന്നത്. മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് വിവിധ പ്രൊജക്ടുകൾക്ക് ഗ്രാമപഞ്ചായത്ത് തുക വകയിരുത്തിയിരുന്നെങ്കിലും വിവിധ കാരണങ്ങളാൽ പലതും നടപ്പിലാക്കിയിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തിൽ മേഖലയിൽ പഞ്ചായത്ത് വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ | പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 61/19 | ഹരിത കർമ്മസേനക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് | 695250 | 216000 |
| 175/19(SO) | ക്ലീൻ ചെക്യാട് - അജൈവ മാലിന്യ ശേഖരണവും പരിപാലനവും | 1950000 | 0 |
| 176/19(SO) | വികേന്ദ്രീകൃത ഉറവിട ജൈവ മാലിന്യ പരിപാലനം - വീടുകളിൽ റിംഗ് കമ്പോസ്റ്റ് | 325000 | 143840 |
| 187/19( SO) | ക്ലീൻ ചെക്യാട് - അജൈവ മാലിന്യം ശേഖരിച്ച വെക്കാനുള്ള എം.സി..എഫ് കേന്ദ്രത്തിന് കെട്ടിട നിർമ്മാണം | 1150000 | 0 |
| 211/19 | ശുചിത്വ സന്ദേശ ബോർഡുകൾ സ്ഥാപിക്കൽ | 16668 | 0 |

സ.ഉ.നമ്പർ11/18/ത.സ്വ.ഭ.വ. തി 29.1.18 ഖണ്ഡിക 7.1.സി പ്രകാരം ഓരോപ്രദേശത്തെയും മാലിന്യമുക്തമാക്കുന്നതിനായി ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുക, അജൈവമാലിന്യങ്ങൾ പുനചംക്രമണത്തിന് വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവയായിരിക്കണം മാലിന്യ സംസ്കരണ മേഖലയിലെ പ്രവർത്തനങ്ങളെന്ന് നിഷ്കർഷിക്കുന്നുണ്ട്.. ജൈവമാലിന്യങ്ങൾ ജൈവവള ഉത്പാദനത്തിനും ,ഊർജോത്പാദനത്തിനും ഉപയോഗപ്പെടുത്തുന്ന പ്രൊജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ നിഷ്കർഷിക്കുന്നുണ്ടെങ്കിലും വീടുകളിൽ റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള പ്രൊജക്ട് മാത്രമാണ് നടപ്പാക്കിയത്. ഗുണശ്രീ വെർമി കമ്പോസ്റ്റ്, കക്കോടി എന്ന സ്ഥാപനവുമായി കരാർ വെച്ച പ്രകാരം, 143840രൂപ (71920രൂ. ഗുണഭോക്തൃവിഹിതം) ചെലവിൽ ആകെ 58 ഗുണഭോക്താക്കളുടെ വീടുകളിൽ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്.

അജൈവമാലിന്യ ശേഖരണത്തിനുള്ള എംസി.എഫ് കേന്ദ്രത്തിന് കെട്ടിട നിർമ്മാണ ത്തിനായി 1150000 രൂപ വകയിരുത്തി 2017-18 ൽ പ്രൊജക്ട് തയ്യാറാക്കിയിരുന്നെങ്കിലും പരിസരവാസികളുടെ എതിർപ്പുകാരണം ആയത് 2018-19 സാമ്പത്തിക വർഷത്തിലും നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് ഒരു പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് ഗ്രാമ പഞ്ചായത്തിൽ 2011-12 വർഷം പ്രൊജക്ട് നം. 50/12 പ്രകാരം 200000 രൂപ ചെലവഴിച്ച് വാങ്ങിയെങ്കിലും നാളിതുവരെയായിട്ടും പ്രവർത്തനക്ഷമമായിട്ടില്ല. ഷ്രഡ്ഡിങ്ങ് യൂണിറ്റ് വർഷങ്ങളായി കുടുംബശ്രീ ഹാളിൽ സൂക്ഷിച്ചിരിക്കുകയാണ്. ബ്ലോക്ക് പഞ്ചായത്ത് തലത്തിലും അജൈവ മാലിന്യ ശേഖരണ ത്തിനുള്ള എം.ആർ.എഫ് കേന്ദ്രമോ, പുനചംക്രമണത്തിന് വിധേയമാക്കുന്നതിനുള്ള ഷ്രഡിംഗ് യൂണിറ്റോ സ്ഥാപിക്ക പെട്ടിട്ടില്ലാത്തത് അജൈവമാലിന്യ സംസ്കരണം ഒരു പ്രശ്നമായി പഞ്ചായത്തിൽ അവശേഷിക്കുന്നു.

പഞ്ചായത്തിലെ 15 വാർഡുകളിലും ഹരിതകർമ്മസേനകൾ രൂപീകരിച്ചത് 12.6.18ൽ 105/18 നം. തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ഒരു വാർഡിൽ നിന്ന് 2 പേർ എന്ന കണക്കിൽ ആകെ 30

പേരാണ് കർമ്മസമിതിയിൽ ഉണ്ടായിരുന്നത്. എന്നാൽ രണ്ട്മാസം മാത്രമാണ് പ്രവർത്തനം നടന്നത്. ഇക്കാലത്തെ പ്രവർത്തനത്തിനുള്ള വേതനം ഇനത്തിൽ 216000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റ് സമയത്ത് 12ാം വാർഡിൽ മാത്രമാണ് ഹരിതകർമ്മസേനയുടെ സാന്നിധ്യം ഉള്ളത്. നിലവിൽ പഞ്ചായത്തിൽ അജൈവമാലിന്യശേഖരണത്തിന് ഒരു സ്ഥിരം സംവിധാനം ഇല്ലാത്ത അവസ്ഥയാണുള്ളത്. പ്രവർത്തനം നടന്ന സമയത്ത് ഹരിതകർമ്മസേനാംഗങ്ങൾ മാലിന്യം ശേഖരിക്കുമ്പോൾ വീടുകളിൽ നിന്നും കടകളിൽ നിന്നും നിശ്ചിത ഫീസ് ഈടാക്കിയിട്ടുണ്ട്.. ആയതിന് പ്രത്യേക ബാങ്ക് എകൗണ്ടും സൂക്ഷിക്കുന്നതായി വി.ഇ.ഒ.അറിയിച്ചു. ആയതിന്റെ വരവ് ചെലവ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല..

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം പരിശോധിച്ചതിൽ മാലിന്യ ശേഖരണത്തിനും ഹരിതകർമ്മസേനകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും വീഴ്ചയുണ്ടായതായി ഓഡിറ്റ് നിരീക്ഷിക്കുന്നു. പഞ്ചായത്തിൽ മഴക്കാല പൂർവ സുചീകരണപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ്കമ്മറ്റി ആവശ്യമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിനും ആയത് പുന:ചംക്രമണത്തിന വിധേയമാക്കുന്നതിനുമുള്ള സംവിധാനം ഗ്രാമപഞ്ചായത്ത് തലത്തിൽ ഒരുക്കുന്നതിന് നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്. വീടുകളിൽ നിന്നും കടകളിൽ നിന്നും അജൈവമാലിന്യം ശേഖരിക്കുന്നതിന്റെ പ്രസക്തിയും പ്രാധാന്യവും ബോധ്യപ്പെടുത്തുന്നതിനും യൂസർഫീ ഇനത്തിൽ ചാർജ്ജ് ഈടാക്കുന്നതിനും ആവശ്യമായ ബോധവൽക്കരണം നടത്തി മാലിന്യ നിർമ്മാർജ്ജന യത്നം വിജയിപ്പക്കുന്നതിന് അടിയന്തിരനടപടികൾ പഞ്ചായത്തിൽ സ്വീകരിക്കേണ്ടതുണ്ട്. ഇതിനു പുറമെ സർക്കാർ നിർദ്ദേശപ്രകാരം ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുതകുന്ന കൂടുതൽ പ്രൊജക്ടുകളും ഏറ്റെടുത്ത് നടപ്പിലാക്കി പഞ്ചായത്തിലെ മാലിന്യ സംസ്കരണ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാവുന്നതാണ്. സംസ്ഥാനതലത്തിൽ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ടുള്ള ഹരിതകേരള മിഷനുമായി ബന്ധപ്പെടുത്തി ക്ലീൻ ചെക്യാട് പദ്ധതിയുടെ വിജയകരമായ നടത്തിപ്പ് ഉറപ്പുവരുത്തുന്നതിന് ഭരണസമിതിയുടെയും ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും സന്നദ്ധ സമിതികളുടെയും സജീവമായ ഇടപെടൽ ഓഡിറ്റ് ആവശ്യപ്പെടുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണ്ണച്ചതിൽ നഷ്ടം

ചെക്യാട് ഗ്രാമപഞ്ചായത്തിലെ വസ്തു നികുതിയുമായി ബന്ധപ്പെട്ട രേഖകൾ , സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(1) ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 30 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 60 രൂപ നിരക്കിലും 200 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള സൂപ്പർമാർക്കറ്റ് ,ഷോപ്പിംഗ് മാളുകൾ എന്നീ ഉപയോഗക്രമമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 80 രൂപ നിരക്കിലുമാണ് ഭരണസമിതി തീരുമാനപ്രകാരം നികുതി നിശ്ചയിച്ചിരിക്കുന്നത്.

കേരള പഞ്ചായത്ത് രാജ് നിയമം, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ താഴെ പറയുന്ന ക്രമ നം 1 മുതൽ 12 വരെ യുള്ള ഘടകങ്ങളിൽ രണ്ടോ അതിലധികമോ ഘടകങ്ങൾ ഒരേ സമയം ബാധകമാവുകയാണെങ്കിലോ ക്രമ നം 13,14 എന്നിവയിൽ പാരാമർശിച്ച ഏതെങ്കിലുമൊരു ഘടകം ബാധകമാവുകയാണെങ്കിലോ പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിനു ബാധകമാവുന്ന രീതിയിൽ വസ്തു നികുതി നിർണയിക്കണമെന്നു നിഷ്കർഷിക്കുന്നുണ്ട്.

| | | |
|---|---|---|
| 1. | കെട്ടിടത്തിന്റെ വിവിധഭാഗങ്ങൾ വിവിധ മേഖലകളിലായാൽ | (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 (ഉപവകുപ്പ് 7, ഉപ വകുപ്പ് 9) |

| | | |
|---|---|---|
| | | |
| 2. | വഴിസൗകര്യത്തിന്റെ ലഭ്യത | |
| 3. | മേൽക്കൂരയുടെ നിർമിതി | |
| 4. | കെട്ടിടത്തിന്റെ കാലപ്പഴക്കം | |
| 5. | തറയുടെ നിർമിതി | |
| 6. | എയർകണ്ടീഷനിംഗ് സൗകര്യം | |
| താഴെ പറയുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ | | |
| 7. | പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്നവ | (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 (ഉപവകുപ്പ് 2, ഉപ വകുപ്പ് 9),2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5),4(1)) |
| | വ്യവസായിക ആവശ്യത്തിനായി ഉപയോഗിക്കുന്നവ | |
| 8. | വിദ്യാലയങ്ങൾക്കോ ,ആശുപത്രികൾക്കോ ആയി ഉപയോഗിക്കുന്നവ | |
| 9. | അമ്യൂസ്മെന്റ് പാർക്കുകൾ, മൊബൈൽ ടെലഫോൺ ടവറുകൾ എന്നിവക്കായി ഉപയോഗിക്കുന്നവ | |
| 10. | വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നവ | |
| 11. | മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നവ | |
| 12. | സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും കെട്ടിടം | |
| 13. | ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളവയാണെങ്കിൽ | 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) |

| | | |
|---|---|---|
| | | |
| 14 | ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ പ്രത്യേകം കെട്ടിട നമ്പർ നൽകിയിട്ടുണ്ടെങ്കിലോ | |

എന്നാൽ മേൽ വ്യവസ്ഥയെ മറി കടക്കാൻ ചട്ടം 3(4) ൽ നിഷ്കർഷിച്ച പ്രകാരം തക്കതായ കാരണം രേഖപ്പെടുത്താതെ, ഒരേ വ്യക്തിയുടെ ഉടമസ്ഥതയിൽ ഒരേ ഉപയോഗ ക്രമത്തിലുള്ള കെട്ടിടത്തിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഗ്രാമപഞ്ചായത്തിൽ നികുതി നിർണ്ണയിച്ചത് കാരണം നഷ്ടം സംഭവിച്ചു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട ഉടമ- ശ്രീ.അഷറഫ് .പിലാവിൽ.ഉമ്മത്തൂർ

കെട്ടിട നം-15/67 A-67 N വരെ( 14 മുറികൾ, 10 മുറികൾ 26 m2 &4 മുറികൾ 66.25 m2 വീതം)

15/67 A-15/67J വരെ 10 മുറികൾക്ക് 30/- രൂപ നിരക്കിലാണ് നികുതി ഈടാക്കിയത്.

| | ഉടമ | കെട്ടിട നം | പ്ലിന്ത് ഏരിയ | ഈടാക്കിയ നികുതി | അടിസ്ഥാന വസ്തുനികുതിയി ന്മേലുള്ള | | ഈടാ ക്കേണ്ട നികുതി | നഷ്ടം | കുറിപ്പ് |
|---|---|---|---|---|---|---|---|---|---|
| | | | | | ഇളവു കൾ | വർദ്ധ നവ് | | | |
| 1 | ശ്രീ.അഷ റഫ് പിലാ വിൽ ഉമ്മ ത്തൂർ | 15/67 A-67J | 260m2 | 7020/- | 10% മേഖല- ദ്വിതീ യം | ഇല്ല | 14040/- (1404*10) (ഗ്രൌണ്ട് ഫ്ലോർ+ ഒന്നാം നില) | 7020/- | ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക്-60/- |
| ആകെ നഷ്ടം | | | | | | | | 7020/- | |

മേൽ പട്ടികയിൽ കാണിച്ച കെട്ടിടത്തിന് നികുതി നിർണ്ണയിച്ചത് കെട്ടിടത്തിന്റെ മൊത്തം തറവിസ്തീർണ്ണാടിസ്ഥാനത്തിലുള്ള ഉപയോഗം കണക്കിലെടുക്കാതെയാണ്. ഇത് കാരണം നികുതിയിൽ നഷ്ടം സംഭവിച്ചു.നികുതി നിർണ്ണയത്തിൽ കുറവ് വന്ന തുക 7020/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേ(702*10)ണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പച്ചക്കറികൃഷിക്ക് കൂലിചെലവ് സബ്സിഡി-ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്തതിൽ അപാകത.

പ്രൊജക്ട് നമ്പർ- 36/19

വകയിരുത്തിയ തുക- 85000

ചെലവുതുക- 85000 (ബിൽ നമ്പർ 12/18-19 തി 21.3.19-50000

ചെക്ക് നമ്പർ-5457571 തി22.3.19. 35000

പച്ചക്കറികൃഷിക്ക് കൂലിചെലവ് സബ്സിഡി പ്രൊജക്ട് പ്രകാരം 85000 രൂപ പിൻവലിച്ച് 16 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ ഭൂരിഭാഗം അപേക്ഷകളിലും പച്ചക്കറി കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ അന്വേഷണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം. കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ച രേഖകളും ചില അപേക്ഷകളോടൊപ്പം ലഭ്യമായിട്ടില്ല. ആവശ്യമായ രേഖകൾ ഉൾപ്പെടുത്തി ലഭ്യമായ അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് അർഹമായതിലും കൂടുതൽ ആനുകൂല്യം ലഭ്യമാക്കിയതായി കാണുന്നു.

| ഗുണഭോക്താവിന്റെ പേര് | കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി | അർമായ ധനസഹായം | ലഭ്യമാക്കിയ ധനസഹായം | റിമാർക്സ് |
|---|---|---|---|---|
| ഉഷ.ഇ.അരുണ്ടയിൽ | 1ഏക്കർ | 6800 | 10200 | ടിയാളുടെ അപേക്ഷ, ഹാജരാക്കിയ നികുതി ശീട്ട് എന്നിവപ്രകാരം 1 ഏക്കർ സ്ഥലത്ത് കൃഷിചെയ്തു. അന്വേഷണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം ഇല്ല. ഗുണഭോക്താവിന് 3400 രൂപ അധികം അനുവദിച്ചു. |
| ചന്ദ്രി. പുളിയൻ മാക്കൽ. പുളിയാവ് | 75 സെന്റ് | 5100 | 6800 | പാട്ടത്തിന് കൃഷിനടത്തുന്ന ടിയാൾക്ക് സ്ഥലമുടമ കുഞ്ഞി സൂപ്പി ഹാജി 75 സെന്റ് സ്ഥലത്ത് പച്ചക്കറികൃഷി നടത്തുന്നതിന് നൽകിയ സമ്മതപത്രം ഫയലിൽ ഉണ്ട്. ടിയാൾക്ക് 75സെന്റിന് പകരം 1 ഏക്കർ സ്ഥലത്ത് കൃഷിചെയ്തതിന് ആനുകൂല്യം നൽകിയതിലൂടെ 1700 രൂപ |

| | | | | |
|---|---|---|---|---|
| | | | | അധികം അനുവദിച്ചു. |

ഗുണഭോക്താക്കൾക്ക് ആവശ്യമായ രേഖകൾ ലഭ്യമാക്കാതെ ആനുകൂല്യം വിതരണം ചെയ്തതിനും രേഖകൾ ലഭ്യമാക്കിയ ഗുണഭോക്താക്കൾക്ക് അർഹമായതിലും കൂടുതൽ ആനുകൂല്യം വിതരണം ചെയ്യാനുണ്ടായ കാരണവും വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സ.ഉ. (എം.എസ്.)22/18 /തസ്വഭവ തിയ്യതി 14.02.2018 നമ്പർ ഉത്തരവ് ഖണ്ഡിക 6-1(7) പ്രകാരം ഈയിനത്തിൽ ഒരു ഹെക്ടറിന് 17000 രൂപ മാത്രമേ പരമാവധി സബ്സിഡി അനുവദിക്കാൻ പാടുള്ളൂ. മേൽ ഗുണഭോക്താക്കൾക്ക് അർഹതയിലും കൂടുതൽ അനുവദിച്ച 5100 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 15.07.2019-16.07.2019 | കെ.എസ്.എ.കെ.കെ.ഡി/ഇ2/887(9)/2019 തിയ്യതി-1.08.2019 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 35000 | 36/18-9.പച്ചക്കറി കൃഷി കൂലിച്ചെലവ് സബ്സിഡി | 35000 | 0 |
| | 2018-19 | 300000 | 144/18-19.കിണർ റീചാർജിംഗ് | 0 | 300000 |
| | 2018-19 | 300000 | 19/18-19.ലൈഫ് ഭവനപദ്ധതി | 300000 | 0 |
| | 2018-19 | 75000 | 4/18-19.ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 75000 | 0 |
| | 2018-19 | 360000 | 108/18-19.ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 351883 | 8117 |
| സെക്രട്ടറി ജില്ലാപഞ്ചായത്ത് | 2018-19 | 300000 | 144/18-19.കിണർ റീചാർജിംഗ് | 0 | 300000 |
| | 2018-19 | 389341 | 19/18-19.ലൈഫ് ഭവനപദ്ധതി | 389341 | 0 |

| | | | | | |
|---|---|---|---|---|---|
| | 2018-19 | 32258 | 60/18-19.ലൈഫ് ഭവനപദ്ധതി-പട്ടികവർഗ്ഗം | 32258 | 0 |
| | 2018-19 | 75000 | 4/18-19.ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 75000 | 0 |
| | 2018-19 | 125000 | 136/18-19.ക്ഷീര ഗ്രാമ-വനിതകൾക്ക് പശു വളർത്തൽ | 50000 | 75000 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 3313199/-രൂപ വരവുണ്ട്.ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി വായ്പ | ജി.ഒ(എം.എസ്) 68/2018 /തസ്വഭവ തി.18.05.2018 | 3313199/- | | -- | --- | 3313199/- |

## 4-6 സ്ഥിര നിക്ഷേപം

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .**

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 500000 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | 45000 |
| ആകെ | 545000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 545000 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ചെക്യാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 09.03.2018 | 1 | 545000 | ഷെയർ സർട്ടിഫിക്കറ്റ് നം-8530 |
| ആകെ | | | | 545000/- | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | രേഖപ്പെടുത്തിയിട്ടില്ല | 2001-02 | 16.11.2018 | ഉമ്മത്തൂർ ജലസേചന പദ്ധതി | അക്കൗണ്ട്സ് കമ്മിറ്റി റിപ്പോർട്ട് 2006-08(11) ഖണ്ഡിക 130,131 പ്രകാരം സമയ ബന്ധിതമായി തീർപ്പാക്കുന്നതിനും ഇപ്പോഴത്തെ അവസ്ഥ അറിയിക്കുന്ന |

| | | | | | |
|---|---|---|---|---|---|
| | | | | | തിനം ആവശ്യപ്പെട്ടു |
| 2000-01 | രേഖപ്പെടു ത്തിയിട്ടില്ല | 2004-05 | 11.1.3.48.117 | നികുതി പിരിവിൽ അലംഭാവം | പരാമർശം തുടരുന്നു. |
| 2001-02 | രേഖപ്പെടു ത്തിയിട്ടില്ല | 2003-04 | മറ്റ് പരാമർശം | വനിത കമ്പ്യൂട്ടർ പരിശീലനം | പരാമർശം തുടരുന്നു. |
| 2001-02 | രേഖപ്പെടുത്തി യിട്ടില്ല | 2003-04 | 11.14.117 | മരാമത്ത് പ്രവൃത്തിക്ക് മുൻകൂർ നൽകി | പരാമർശം തുടരുന്നു. |
| 2000-01 | 1-5 | 2004-05 | 11.1.2.9.116 | ബജറ്റ് അംഗീകരിച്ചത് രേഖപ്പെടുത്തി യില്ല | പരാമർശം തുടരുന്നു. |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4.187 | തൊഴിൽ നികുതി അപാകത കൾ | പരാമർശം തുടരുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 77587705/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 63455085 |
| വരവിനങ്ങളിലുള്ള നഷ്ടം | 7020/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5100/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3383539/- |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 2-1 | 7020/- | | ശ്രീ.രജ്ജുലാൽ എം.പി സെക്രട്ടറി |
| 3-1 | | 5100/- | ശ്രീമതി അമല ശക്തിധരൻ,കൃഷി ഓഫീസർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരു |
|---|---|---|
| 1-13 | 100000/- | ശ്രീമതി അമല ശക്തിധരൻ,കൃഷി ഓഫീസർ |
| 1-14 | 362875/- | ശ്രീമതി അമല ശക്തിധരൻ,കൃഷി ഓഫീസർ |
| 1-15 | 800000/- | ശ്രീ.രാജൻ പി.പി ഹെഡ്മാസ്റ്റർ |
| 1-16 | 43350/- | ശ്രീ.രാജൻ പി.പി ഹെഡ്മാസ്റ്റർ |
| 1-17 | 1670100/- | ശ്രീമതി രാജശ്രീ. ആർ സെക്രട്ടറി-1216970/-<br>ശ്രീ.രജ്ജുലാൽ എം.പി സെക്രട്ടറി -453130/- |
| 1-20 | 43472/- | ഡോ.അനിൽകുമാർ പി.മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 1-21 | 200000/- | ഡോ.അനിൽകുമാർ പി.മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 1-23 | 163742/- | ശ്രീ.സലീൽ കുമാർ കെകെവി.ഇ.ഒ പാറക്കടവ് സർക്കിൾ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രജ്ജുലാൽ എം.പി സെക്രട്ടറി | സെക്രട്ടറി കാവിലുമ്പാറ ഗ്രാമപഞ്ചായത്ത് | മത്തത്ത് പൊയിൽ .കീഴൽ പി.ഒ 673104 |
| ശ്രീമതി.രാജശ്രീ സി.എച്ച്സെക്രട്ടറി | സെക്രട്ടറി തുണേരി ഗ്രാമപഞ്ചായത്ത് | നിയതം.കോടഞ്ചേരി.പുറമേരി |
| ശ്രീമതി അമല ശക്തിധരൻ,കൃഷി ഓഫീസർ | കൃഷി ഓഫീസർ,വാണിമേൽ ഗ്രാമപഞ്ചായത്ത് | ശ്രാവണം.B CALL-168,ടെമ്പിൾ ലെയ്ൻ,പേരൂർക്കട പി.ഒ |
| ശ്രീ.രാജൻ പി.പി ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ ജി.എൽ.പി ചെക്യാട് | കുറ്റിപ്പറമ്പത്ത്,നരിപ്പറ്റ,കോഴിക്കോട് |
| ഡോ.അനിൽകുമാർ | മെഡിക്കൽ | അച്ചൂസ് ,തിരൂർ |

| | | |
|---|---|---|
| പി.മെഡിക്കൽ ഓഫീസർ പി.എച്ച്.സി ചെക്യാട് | ഓഫീസർ,പി.എച്ച്.സി ചെക്യാട് | പി.ഒ,ചേക്കുന്നമ്മൽ.കക്കട്ടിൽ |
| ശ്രീ.സലീൽ കുമാർ കെ.കെ വി.ഇ.ഒ പാറക്കടവ് സർക്കിൾ | LWA | പീറ്റക്കണ്ടി,മേമുണ്ട,വടകര |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.എസ്.2/1135/99തീ.08/11/99 | 6 (31, 34, 35, 36, 37, 38) |
| 1998-99 | എൽ.എഫ്.എസ്.2/1377/01തീ.08/11/99 | 11,( 20, 34, 36, 40, 42, 43, 44, 45, 46, 47(3), 47(4), 48) |
| 1999-00 | എൽ.എഫ്.എസ്.2/1606/01തീ.07/06/99 | 3, (29, 33, 35) |
| 2000-01 | എൽ.എഫ്.എസ്.1/1102/03തീ.04/12/03 | 19, (7,8, 9(എ, ബി.) 10, (ഡി.സി.ബി.), 2, 3, 4, 5, 6, 7, 8, 9, 10, 11, 12) |
| 2001-02 | എൽ.എഫ്.പി.2/117/05തീ.06/08/05 | 3, (3-2, 3-3, 3-4) |
| 2002-03 | എൽ.എഫ്.എസ്.1/1017/06തീ.04/11/06 | 4, (3-3, 3-5, 3-6, 3-7) |
| 2003-04 | എൽ.എഫ്. കെ.കെ.ഡിഎസ്.1/708 /07തീ.05/10/07 | 8, (3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8) |
| 2004-05 | എൽ.എഫ്. കെ.കെ.ഡി.പി.5/1336 /09തീ.05/10/09 | 11,( 3-1 മുതൽ 3-11 വരെ) |
| 2005-06 | എൽ.എഫ്. കെ.കെ.ഡി.പി.5/1338 /09തീ.05/10/09 | 14, (3-1 മുതൽ 3-14 വരെ) |
| 2006-07 | എൽ.എഫ്. കെ.കെ.ഡി.പി.5/1339 | 17, (2-1 മുതൽ 2-7 വരെ |

| | | |
|---|---|---|
| | /09തീ.05/10/09 | 3-1 മുതൽ 3-10 വരെ) |
| 2007-08 | എൽ.എഫ്. കെ.കെ.ഡി.എസ്.1/141 /10തീ.09/05/2010 | 19 (3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-12, 3-14, 3-15, 3-17, 3-20, 3-22, 3-24,4-4, 4-7) |
| 2008-09 | എൽ.എഫ്. കെ.കെ.ഡി.പി.11/230 /12തീ.24/08/12 | 24 (1-2,, 1-3, 1-4, 1-5, 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 4-1, 4-2, 4-3, 4-6, 4-7) |
| 2009-10 | എൽ.എഫ്. കെ.കെ.ഡി.പി.11/1407 /12തീ.24/08/12 | 37 (1-1, 1-2, 1-3, 1-4, 1-5, 1-6, 1-7, 1-8,2-1, 2-2, 2-3, 2-4,2-5, 2-6, 2-7, 2-8,3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-9, 3-10, 3-11,3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 4-1, 4-2, 4-3) |
| 2010-11<br>2011-12 | എൽ.എഫ്. കെ.കെ.ഡി.പി.11/77 /13തീ.18/07/13 | 17 (2-2 മുതൽ 2-3 വരെ 3-1 മുതൽ 3-17 വരെ) (3-10, 3-17 ഒഴികെ) |
| 2012-13 | എൽ.എഫ്. കെ.കെ.ഡി.പി.11/1447 /16തീ.07/01/16 | 10 (2-2, 3-1, 3-2, 3-3, 3-4,3-7, 3-9, 3-11, 4-3, 4-10 ബി) |
| 2013-14<br>2014-15 | എൽ.എഫ്. കെ.കെ.ഡി.പി.11/1276 /16തീ.20/07/16 | 13 (2-1, 2-2, 3-2, 3-3, 3-4, 3-6,സ 3-8, 3-9, 3-10,3-12, 3-13, 3-14, 3-16) |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി.11/2137 /2016തീ.17/12/16 | 20 (2-5, 2-7, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-15, 3-17, 3-18, 3-20, 3-21) |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി.11/1565 /2017തീ.10/08/17 | 4 (2-1, 3-1, 3-2, 3-5) |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി.11/1057/ 2019 തി.04.07.2019 | 13(1-12(1),1-12(എ1-എ8),2-2(എ-ബി),3-2(1),3-2(2),3-4,3-5, 3-6(എ),3-6(ബി),3-7,3-10,4-10) |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

**അനുബന്ധം**

നം:കെ.എസ്.എ. കെ.കെ.ഡി.പി.10/366/2020 തീയതി 16.05.2020

**ഓഡിറ്റ് സർട്ടിഫിക്കറ്റ്**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4,1994 ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 31.03.2019ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ (ഖണ്ഡിക 1-7 കാണുക) ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്